സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 സെപ്റ്റംബർ 18 തിങ്കൾ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## ആനക്കൊമ്പ് കേസ്: മോഹൻലാലിനെതിരായ വിചാരണയ്ക്ക് സ്റ്റേ

കൊച്ചി: നടൻ മോഹൻലാൽ പ്രതിയായ ആനക്കൊമ്പ് കേസിൽ വിചാരണ നടപടികൾ ഹൈക്കോടതി ആറുമാസത്തേയ്ക്ക് സ്റ്റേ ചെയ്തു. വിചാരണയ്ക്കായി മോഹൻലാലിനോട് അടുത്തമാസം കോടതിയിൽ നേരിട്ടു ഹാജരാകണമെന്ന് നിർദേശിച്ചിരുന്നു. ഇതിലുള്ള തുടർനടപടികളാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്.ആനക്കൊമ്പ് കേസിൽ നടൻ മോഹൻലാൽ ഉൾപ്പെടെയുള്ള പ്രതികൾ നവംബർ മൂന്നിന് നേരിട്ട് ഹാജരാകണമെന്നായിരുന്നു കഴിഞ്ഞമാസം പെരുമ്പാവൂർ മജിസ്ട്രേറ്റ് കോടതി നിർദേശിച്ചത്.

കേസ് പിൻവലിക്കണമെന്ന സർക്കാരിന്റെ അപേക്ഷയും കോടതി തള്ളിയിരുന്നു. ആവശ്യം പൊതുതാത്പര്യത്തിന് വിരുദ്ധമാണെന്നായിരുന്നു അന്ന് കോടതി വിലയിരുത്തിയത്. മോഹൻലാലിന്റെ എറണാകുളത്തെ വീട്ടിൽ അനധികൃതമായി ആനക്കൊമ്പ് സൂക്ഷിച്ചത് സംബന്ധിച്ച് 2011-ൽ ആദായനികുതി വകുപ്പാണ് കേസ് രജിസ്റ്റർ ചെയ്തത്. കേസ് പിന്നീട് വനം വകുപ്പിന് കൈമാറുകയായിരുന്നു.ആനക്കൊമ്പ് കേസിൽ മോഹൻലാൽ ഒന്നാംപ്രതിയാണെന്ന് വ്യക്തമാക്കി കഴിഞ്ഞവർഷം പെരുമ്പാവൂർ കോടതിയിൽ വനംവകുപ്പ് കുറ്റപത്രം സമർപ്പിച്ചിരുന്നു. എന്നാൽ വനംവകുപ്പ് സമർപ്പിച്ച കുറ്റപത്രത്തിനെതിരെ മോഹൻലാൽ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകി. ആനക്കൊമ്പ് കൈവശം സൂക്ഷിക്കുന്നതിന് മുൻകാല പ്രാബല്യത്തോടെ അനുമതിയുണ്ടെന്നും ഈ സാഹചര്യത്തിൽ വനംവകുപ്പ് തനിക്കെതിരേ സമർപ്പിച്ച കുറ്റപത്രം നിലനിൽക്കില്ലെന്നും മോഹൻലാൽ സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ ഈ ഒരു സംഭവത്തിലൂടെ പൊതുജനമധ്യത്തിൽ തന്റെ പ്രതിച്ഛായ മോശമാക്കാൻ ശ്രമിക്കുന്നു എന്നും മോഹൻലാൽ സത്യവാങ്മൂലത്തിൽ ആരോപിച്ചിരുന്നു.

## വാഹനങ്ങളിൽ ഏണി കൊണ്ടുപോകണം; അനുമതി തേടി കെ. എസ്. ഇ. ബി ഗതാഗത കമീഷണർക്ക് കത്ത് നൽകി




വാഹനങ്ങളിൽ ഏണി കൊണ്ടുപോകാൻ അനുമതി തേടി ഗതാഗത കമ്മിഷണർക്ക് കെ.എസ്.ഇ.ബി കത്ത് നൽകി. കഴിഞ്ഞ മാസമാണ് കത്തയച്ചത്. കെകെ.എസ്.ഇ.ബി-എം.വി.ഡി തർക്കം രൂക്ഷമായ സമയത്ത് ഏണി കൊണ്ടുപോയ വാഹനങ്ങൾക്ക് പിഴ ചുമത്തിയിരുന്നു. ജീവനക്കാർ ബൈക്കിൽ പോകുമ്പോ കൃത്യമായി ഹെൽമറ്റ് ധരിക്കുന്നതിന് നിർദേശം നൽകിയതായും കെ.എസ്. ഇ. ബി അറിയിച്ചു. വാഹനത്തിൽ തോട്ടി കൊണ്ട് പോയതിനു കെഎസ്ഇബിക്ക് എ.ഐ ക്യാമറയുടെ നോട്ടീസ് ലഭിച്ചതും ഇതിനു പിന്നാലെ മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഫ്യൂസ് കെഎസ്ഇബി ഊരിയതും ഏറെ വാർത്തയായിരുന്നു. ഇങ്ങനെ കെ. എസ്. ഇ. ബി - എം.വി.ഡി പോര് രൂക്ഷമായ സാഹചര്യത്തിൽ പരിഹാരമെന്ന നിലയിലാണ് കെ.എസ്.ഇ.ബി മോട്ടർ വാഹന വകുപ്പിനോട് വാഹനങ്ങളിൽ ഏണി കൊണ്ടുപോകുന്നതിന് അനുമതി തേടി കത്ത് നൽകിയത്. അത്യാവശ്യ സഹാര്യങ്ങളിൽ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ഏണി കൊണ്ടു പോവേണ്ടി വരുമെന്നും കത്തിൽ പറയുന്നു. അതിനാൽ വാഹനങ്ങളിൽ ഏണി കൊണ്ടു പോവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കെ.എസ്.ഇ.ബി കത്ത് നൽകിയത്.

## 'അണ്ണാമലൈയെ സഹിക്കാൻവയ്യ'; ബിജെപിയുമായി സഖ്യമില്ലെന്ന് പ്രഖ്യാപിച്ച് എഐഎഡിഎംകെ

ചെന്നൈ: തമിഴ്നാട്ടിൽ ബിജെപിക്ക് കനത്ത ആഘാതം നൽകി സഖ്യ കക്ഷിയായ എഐഎഡിഎംകെയുടെ പ്രഖ്യാപനം.ബിജെപിയുമായി തങ്ങൾ സഖ്യത്തിനില്ലെന്ന് എഐഎഡിഎംകെ പ്രഖ്യാപിച്ചു. ഇരുപാർട്ടി നേതാക്കളും തമ്മിലുള്ള കനത്ത വാക്പോരിനൊടുവിലാണ് പ്രഖ്യാപനമുണ്ടായിരിക്കുന്നത്. മുതിർന്ന എഐഎഡിഎംകെ നേതാവ് ഡി.ജയകുമാറാണ് ഇക്കാര്യം അറിയിച്ചത്.'എഐഎഡിഎംകെയുമായി ബിജെപി സഖ്യത്തിലില്ല.

തിരഞ്ഞെടുപ്പ് സന്ദർഭത്തിലാകും തങ്ങളുടെ സഖ്യം ഇനി തീരുമാനിക്കുക. ബിജെപി സംസ്ഥാന അധ്യക്ഷൻ കെ അണ്ണാമലൈ സഖ്യം ആഗ്രഹിക്കുന്നില്ല. ഞങ്ങളുടെ നേതാക്കളെ വിമർശിക്കുക മാത്രമാണ് അദ്ദേഹത്തിന്റെ തൊഴിൽ' ഡി.ജയകുമാർ പറഞ്ഞു. അടുത്ത നിയമസഭാതിരഞ്ഞെടുപ്പിൽ തമിഴ്നാട്ടിൽ ബി.ജെ.പി. മന്ത്രിസഭയുണ്ടാക്കുമെന്നും അതിന് എ.ഐ.എ.ഡി.എം.കെ.യുടെ സഹായം ആവശ്യമായി വരില്ലെന്നും കെ. അണ്ണാമലൈ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.

എ.ഐ.എ.ഡി.എം.കെ. നേതാവ് സി.വി. ഷൺമുഖന്റെ പരാമർശത്തിന് മറുപടിനൽകവേയാണ് അണ്ണാമലൈ സഖ്യകക്ഷിക്കുനേരെ വിമർശനം അഴിച്ചുവിട്ടത്. അണ്ണാമലൈയുടെ പദയാത്ര പണപ്പിരിവിനുവേണ്ടിയുള്ളതാണെന്നും എ.ഐ.എ.ഡി.എം.കെ.യുടെ പിന്തുണയില്ലാതെ ബി.ജെ.പി.ക്ക് തമിഴ്നാട്ടിൽ ജയിക്കാനാവില്ലെന്നും ഷൺമുഖൻ പറഞ്ഞിരുന്നു. ദ്രാവിഡ പ്രസ്ഥാനത്തിന്റെ നേതാവ് അണ്ണാദുരൈ തമിഴ്നാട്ടിൽനിന്ന് ദേശീയകക്ഷികളെ തുരത്തിയതാണെന്നും ബി.ജെ.പി. നേതാവ് അണ്ണാമലൈ അണ്ണാദുരൈയെ അവഹേളിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. സഖ്യകക്ഷിയാണ് എന്ന കാര്യം ബി.ജെ.പി. മറക്കരുതെന്നും വിഴുപുരത്തുനടന്ന അണ്ണാദുരൈ അനുസ്മരണത്തിൽ അദ്ദേഹം ഓർമിപ്പിച്ചിരുന്നു.സഖ്യത്തിന്റെ പേരിൽ ആർക്കും വഴങ്ങാൻ ബി.ജെ.പി. തയ്യാറല്ലെന്ന് അണ്ണാമലൈ പറഞ്ഞു.എ.ഐ.എ.ഡി.എം.കെ.യും ബി.ജെ.പി.യും തമ്മിൽ പലകാര്യങ്ങളിലും അഭിപ്രായവ്യത്യാസമുണ്ട്. അല്ലെങ്കിൽ രണ്ടുപാർട്ടികളായി നിൽക്കേണ്ട കാര്യമില്ല. 2024-ലെ തിരഞ്ഞെടുപ്പിൽ കേന്ദ്രത്തിൽ നരേന്ദ്രമോദി വീണ്ടും അധികാരത്തിൽ വരും. 2026-ലെ തിരഞ്ഞെടുപ്പിൽ തമിഴ്നാട്ടിൽ ബി.ജെ.പി. മന്ത്രിസഭയുണ്ടാക്കും. അതിന് ആരുടെയും സഹായം വേണ്ടിവരില്ല -അണ്ണാമലൈ പറഞ്ഞു.'ഞങ്ങളുടെ നേതാക്കൾക്കെതിരെയുള്ള തുടർച്ചയായ വിമർശനം അംഗീകരിക്കാൻ കഴിയില്ല. അണ്ണാമലൈ ഞങ്ങളുടെ നേതാവ് ജയലളിതയെ നേരത്തെ തന്നെ വിമർശിച്ചിരുന്നു. അന്ന് ഞങ്ങൾ അണ്ണാമലയ്ക്കെതിരെ പ്രമേയം പാസാക്കി. അദ്ദേഹം ഇത് അവസാനിപ്പിക്കണമായിരുന്നു. ഒരു പ്രവർത്തകനും ഇത് അംഗീകരിക്കില്ല. ഞങ്ങൾക്ക് ജനങ്ങൾക്ക് മുന്നിലിറങ്ങി പ്രവർത്തിക്കേണ്ടതുണ്ട്' ഡി.ജയകുമാർ പറഞ്ഞു.

## എസ്എസ്എൽസി പരീക്ഷ മാർച്ച് നാലുമുതൽ; ഹയർ സെക്കൻഡറി പരീക്ഷ മാർച്ച് ഒന്നുമുതൽ



### എസ്എസ്എൽസി പരീക്ഷയുടെ ടൈംടേബിൾ

2024 മാർച്ച് 4 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 11.15 വരെ ഫസ്റ്റ് ലാംഗ്വേജ് പാർട്ട് 1
മാർച്ച് 6 ബുധനാഴ്ച രാവിലെ 9.30 മുതൽ 12.15 വരെ ഇംഗ്ലീഷ്
മാർച്ച് 11 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 12.15 വരെ ഗണിതം
മാർച്ച് 13 ബുധനാഴ്ച രാവിലെ 9.30 മുതൽ 11.15 വരെ ഫസ്റ്റ് ലാംഗ്വേജ് പാർട്ട് 2
മാർച്ച് 15 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 11.15 വരെ ഫിസിക്സ്
മാർച്ച് 18 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 11.15 വരെ ഹിന്ദി/ജനറൽ നോളജ്
മാർച്ച് 20 ബുധനാഴ്ച രാവിലെ 9.30 മുതൽ 11.15 വരെ കെമിസ്ട്രി
മാർച്ച് 22 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 11.15 വരെ ബയോളജി
മാർച്ച് 25 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 12.15 വരെ സോഷ്യൽ സയൻസ്

തിരുവന്തപുരം: ഈ അധ്യനവർഷത്തെ എസ്എസ്എൽസി പരീക്ഷാ തീയതി പ്രഖ്യാപിച്ചു. മാർച്ച് നാലുമുതൽ മാർച്ച് 25വരെ നടക്കുമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി പറഞ്ഞു. രാവിലെ 9.30 മുതലാണ് പരീക്ഷ. മൂല്യനിർണയക്യാമ്പ് ഏപ്രിൽ 3 മുതൽ 17വരെ പത്ത് ദിവസം നീണ്ടുനിൽക്കുന്നതായിരിക്കുമെന്നും ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.
ഇത്തവണ വളരെ നേരത്തെയാണ് എസ്എസ്എൽസി പരീക്ഷാ തീയതികൾ പ്രഖ്യാപിക്കുന്നത്. കുട്ടികൾ നല്ലരീതിയിൽ പഠിക്കുന്നതിനായാണ് നേരത്തെ തീയതി പ്രഖ്യാപിക്കാനുള്ള തീരുമാനമെന്ന് അദ്ദേഹം പറഞ്ഞു. എസ്എസ്എൽസി മോഡൽ ഫെബ്രുവരി 19 മുതൽ 23വരെയായിരിക്കും. ഐടി മോഡൽ പരീക്ഷ ജനുവരി 17 -ജനുവരി 29വരെ നടക്കും.
ഐടി പരീക്ഷ ഫെബ്രുവരി ഒന്നു മുതൽ 14 വരെയായിരിക്കുമെന്നും മന്ത്രി പറഞ്ഞു ഹയർ സെക്കൻഡറി പരീക്ഷ മാർച്ച് ഒന്നുമുതൽ 26വരെ നടക്കും. പരീക്ഷ വിജ്ഞാപനം ഒക്ടോബറിൽ പുറപ്പെടുവിക്കും. മോഡൽ പരീക്ഷകൾ ഫെബ്രുവരി 15 മുതൽ 21 വരെ നടക്കുമെന്ന് മന്ത്രി പറഞ്ഞു. ഹയർ സെക്കൻഡറി പ്രായോഗിക പരീക്ഷ ജനുവരി 22ന് ആരംഭിക്കും. പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ നിപ സാഹചര്യത്തിൽ മാറ്റിവച്ചതായും ഇംപ്രൂമെന്റ് പരീക്ഷ ഒക്ടോബർ 9 മുതൽ 13 വരെ നടക്കുമെന്നും മന്ത്രി പറഞ്ഞു. ആകെ 4,04075ആണ് പരീക്ഷ എഴുതുന്നത്. കോഴിക്കോട് ജില്ലയിൽ മാത്രം 43,476 പേരാണ് പരീക്ഷ എഴുതുന്നത്. വിഎച്ച്എസ്സി ഇംപ്രൂവ്മെന്റ് പരീക്ഷയും ഒക്ടോബർ 9 മുതൽ 13 വരെ നടക്കുമെന്നും മന്ത്രി പറഞ്ഞു.27,633 വിദ്യാർത്ഥികൾ പരീക്ഷ എഴുതും. കോഴിക്കോട് നിന്ന് 2,661 കുട്ടികളാണ് പരീക്ഷ എഴുതുന്നത്.

## 'ഉവൈസിക്കും കെ. സി. ആറിനും എതിരെ കേന്ദ്ര ഏജൻസികളുടെ അന്വേഷണമില്ലാത്തത് മോദിയുടെ സ്വന്തക്കാരായതുകൊണ്ട്"



ഹൈദരാബാദ്: പ്രതിപക്ഷ നേതാക്കളെ കേന്ദ്ര ഏജൻസികൾ വേട്ടയാടുമ്പോഴും തെലങ്കാന മുഖ്യമന്ത്രി ചന്ദ്രശേഖര റാവുവിനെയും എ.ഐ.എം.ഐ.എം നേതാവ് അസദുദ്ദീൻ ഉവൈസിയെയും വെറുതെവിടുന്നത് മോദിയുടെ സ്വന്തക്കാരായതുകൊണ്ടെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.
"കെ.സി.ആറിനെതിരെ കേസില്ല. എ.ഐ.എം.ഐ.എമ്മിനെതിരെ കേസില്ല. പ്രതിപക്ഷം മാത്രമാണ് ആക്രമിക്കപ്പെടുന്നത്. സ്വന്തക്കാരെ മോദി ഒരിക്കലും ആക്രമിക്കില്ല. നിങ്ങളുടെ മുഖ്യമന്ത്രിയെയും എ.ഐ.എം.ഐ.എം നേതാക്കളെയും അദ്ദേഹം സ്വന്തം ആളുകളായാണ് കാണുന്നത്. അതുകൊണ്ട് അവർക്കെതിരെ ഒരു കേസുപോലുമില്ല"-തെലങ്കാനയിലെ തുക്കുഗുഡയിൽ നടന്ന കോൺഗ്രസ് റാലിയിൽ രാഹുൽ ഗാന്ധി പറഞ്ഞു.
ബി.ജെ.പിയും ബി.ആർ.എസും രണ്ട് പാർട്ടികളാണെങ്കിലും അവർ രഹസ്യമായി ഒരുമിച്ച് പ്രവർത്തിക്കുന്നു. ബി.ജെ.പിക്ക് ആവശ്യമുള്ളപ്പോഴെല്ലാം ബി.ആർ.എസ് എം.പിമാർ അവരെ സഹായിക്കും. കാർഷികനിയമങ്ങൾ, ജി.എസ്.ടി, പ്രസിഡന്റ് വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് തുടങ്ങിയ അവസരങ്ങളിലെല്ലാം ബി.ആർ.എസ് ബി.ജെ.പിക്കൊപ്പമാണ് നിന്നതെന്നും രാഹുൽ പറഞ്ഞു.സംസ്ഥാന പദവി വേണമെന്ന തെലങ്കാനയുടെ സ്വപ്നം നിറവേറ്റിയത് കോൺഗ്രസ് ആണെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. അത് ചെയ്തത് കെ.സി.ആറിനോ അദ്ദേഹത്തിന്റെ കുടുംബത്തിനോ വേണ്ടിയല്ല. ബി.ജെ.പിയും എ.ഐ.എം.ഐ.എമ്മും എന്ത് തന്നെ ചെയ്താലും അടുത്ത 100 ദിവസത്തിനുള്ള ബി.ആർ.എസ് സർക്കാരിനെ പുറത്താക്കുമെന്നും അദ്ദേഹം പറഞ്ഞു.

## ഐ. സി. യു പീഡനക്കേസ്; അസിസ്റ്റന്റ് കമ്മീഷണർ റിപ്പോർട്ട് നൽകി

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളജ് ഐ.സി.യു പീഡന കേസിൽ ഗൈനക്കോളജിസ്റ്റ് ഡോ. കെ.വി. പ്രീതിക്കെതിരായ പരാതിയിൽ അസിസ്റ്റന്റ് കമ്മീഷണർ റിപ്പോർട്ട് നൽകി. കോഴിക്കോട് സിറ്റി പൊലീസ് കമ്മീഷണർക്കാണ് റിപ്പോർട്ട് നൽകിയത്. ഡോ. പ്രീതി കൃത്യമായ മൊഴി രേഖപ്പെടുത്തിയില്ലെന്നും ശാസ്ത്രീയ തെളിവുകൾ ശേഖരിച്ചില്ലെന്നുമായിരുന്നു അതിജീവതയുടെ പരാതി. പ്രീതിക്കെതിരെ നിയമ നടപടി വേണമെന്നാവശ്യപ്പെട്ടാണ് പരാതി നൽകിയത്.വൈദ്യപരിശോധന നടത്തിയ കെ വി പ്രീതി ശാസ്ത്രീയ പരിശോധന നടത്തിയില്ലെന്നും പരാതി മുഴുവൻ രേഖപ്പടുത്തിയില്ലെന്നുമാണ് അതിജീവിതയുടെ പരാതി. കൂടാതെ ശരീരത്തിൽ കണ്ട മുറിവുകൾ രേഖപ്പെടുത്താൻ നേഴ്സുമാർ പറഞ്ഞപ്പോൾ ഡോക്ടർ അതിജീവിതയെ അപമാനിക്കുന്ന തരത്തിൽ സംസാരിച്ചെന്നും പരാതിയിൽ പറയുന്നു. പരാതിയുമായി ബന്ധപ്പെട്ട് ആരോഗ്യ മന്ത്രിക്കും മുഖ്യമന്ത്രിക്കും പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും കോഴിക്കോട് സിറ്റി പൊലീസ് കമ്മീഷണർക്ക് കൈമാറുകയും പിന്നീട് അന്വേഷണം നടത്തുകയും ചെയ്തു. തുടർന്ന് എ.സി.പി പ്രീതയുടെ ഉൾപ്പടെ മൊഴി അന്വേഷണത്തിന്റെ ഭാഗമായി രേഖപ്പടുത്തിയിരുന്നു.

## ആദിത്യ എൽ വൺ നാളെ പുലർച്ചെ ഭൂമിയോട് വിടപറയും, സൂര്യനിലേക്കുള്ള യാത്രക്കിടെ പര്യവേക്ഷണവും തുടങ്ങി

ബെംഗളൂരു: ഭൂമിയിൽനിന്ന് ഏകദേശം 15 ലക്ഷം കിലോമീറ്റർ അകലെയുള്ള ഒന്നാം ലഗ്രാഞ്ച് പോയിൻറിലേക്കുള്ള യാത്ര തുടങ്ങുന്നതിന് മുമ്പ് തന്നെ പര്യവേക്ഷണം ആരംഭിച്ച് ഇന്ത്യയുടെ പ്രഥമ സൂര്യ പഠന ദൗത്യമായ ആദിത്യ എൽ1. ഭൂമിയിൽനിന്ന് 50,000 കിലോമീറ്റർ അകലെയായുള്ള സൂക്ഷ്മ കണങ്ങളെക്കുറിച്ചും വൈദ്യുതചാർജുള്ള കണികകളെക്കുറിച്ചും ശാസ്ത്രീയ വിവരങ്ങളാണ് പേടകം ശേഖരിച്ചുതുടങ്ങിയത്. പേടകത്തിലെ സുപ്ര തെർമൽ ആൻഡ് എനർജെറ്റിക് പാർട്ടിക്കിൾ സ്പെക്ട്രോമീറ്റർ (സ്റ്റെപ്സ്) എന്ന പര്യവേക്ഷണ ഉപകരണം ഐ.എസ്.ആർ.ഒ പ്രവർത്തിപ്പിച്ചതോടെയാണ് പേടകം പര്യവേക്ഷണം ആരംഭിച്ചത്. പര്യവേക്ഷണ ഉപകരണത്തിലെ ആറു സെൻസറുകൾ വിവിധ ദിശകളിലായി തിരിഞ്ഞാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ഭൂമിയുടെ ചുറ്റുപാടുമുള്ള സൂക്ഷ്മ കണങ്ങളുടെ വിവരങ്ങളാണ് ശേഖരിക്കുന്നത്. സെപ്റ്റംബർ പത്തിനാണ് ഈ പര്യവേക്ഷണ ഉപകരണം പ്രവർത്തിപ്പിച്ചു തുടങ്ങിയത്. ഭൂമിയിൽ നിന്ന് 50000 കിലോമീറ്ററും കടന്ന് പേടകം യാത്ര ചെയ്യാൻ തുടങ്ങുന്നതുവരെയാണ് പര്യവേക്ഷണം നടന്നതെന്നും സൂര്യപഠന ദൗത്യത്തിന് ഏറെ നിർണായകമാണിതെന്നും ഐ.എസ്.ആർ.ഒ അറിയിച്ചു.ഇന്ത്യയുടെ സൂര്യ പഠന ദൗത്യം ആദിത്യ എൽ വണ്ണിന്റെ നാലാമത്തെ ഭ്രമണപഥം ഉയർത്തൽ ഇക്കഴിഞ്ഞ സെപ്റ്റംബർ 15ന് വിജയകരമായി പൂർത്തിയാക്കിയിരുന്നു, ഇതിനുശേഷം ഭൂമിയിൽനിന്ന് 256 കി.മീ. അടുത്ത ദൂരവും 121973 കി.മീ. അകന്ന ദൂരവുമായിട്ടുള്ള ഭ്രമണപഥത്തിലാണ് പേടകമുള്ളത്. ഭൂമിയിൽനിന്ന് പേടകത്തെ യാത്രയാക്കുന്നതിനുള്ള നിർണായകമായ ദൗത്യമാണ് ഇനി ബാക്കിയുള്ളത്. ഇന്ന് ഒരു രാത്രി കൂടിയായിരിക്കും ആദിത്യ എൽ വൺ ഭൂമിയുടെ നിയന്ത്രണത്തിലുള്ള ഭ്രമണപഥത്തിലുണ്ടാകുക. സെപ്റ്റംബർ 19ന് (ചൊവ്വാഴ്ച) പുലർച്ചെ രണ്ടിനായിരിക്കും ഭൂമിയിൽനിന്ന് പേടകത്തെ യാത്രയാക്കുന്നതിനുള്ള ട്രാൻസ് ലഗ്രാഞ്ച് പോയൻറ് ഒന്നിലേക്കുള്ള ഭ്രമണ പഥം ഉയർത്തൽ നടക്കുക. ലഗ്രാഞ്ച് പോയൻറ് ഒന്നിലേക്ക് പോകുന്നതിന് മുന്നോടിയായിട്ടുള്ള ഭ്രമണപഥത്തിലേക്കായിരിക്കും പേടകത്തെ മാറ്റുക. തുടർന്ന് 15 ലക്ഷം കിലോമീറ്റർ അകലെയുള്ള ഒന്നാം ലഗ്രാഞ്ച് പോയിൻറിലേക്കുള്ള 110 ദിവസത്തോളം നീളുന്ന പേടകത്തിന്റെ യാത്ര ആരംഭിക്കും. ഈ നീണ്ട യാത്രക്കുശേഷമായിരിക്കും പേടകം ലഗ്രാഞ്ച് ഒന്നിന് ചുറ്റുമുള്ള ഹാലോ ഓർബിറ്റിലെത്തുക. പേടകം ഇവിടെ സ്ഥാനമുറപ്പിച്ചുകൊണ്ടായിരിക്കും സൂര്യ പര്യവേക്ഷണം നടത്തുക.

## 2000 രൂപ നോട്ടുകൾ മാറ്റിയെടുക്കാനുള്ള സമയപരിധി 30ന് അവസാനിക്കും

ന്യൂഡൽഹി: 2000 രൂപ നോട്ടുകൾ അക്കൗണ്ടിൽ നിക്ഷേപിക്കുകയോ മാറ്റിവാങ്ങുകയോ ചെയ്യാനുള്ള സമയപരിധി സെപ്റ്റംബർ 30ന് അവസാനിക്കും. 2023 മെയ് 19നാണ് 2000 രൂപ നോട്ടിന്റെ വിതരണം അവസാനിപ്പിക്കുന്നതായി ആർ.ബി.ഐ പ്രഖ്യാപിച്ചത്. ആർ.ബി.ഐയുടെ കണക്കനുസരിച്ച് പ്രചാരത്തിലുള്ള 2000 രൂപ നോട്ടുകളിൽ 76 ശതമാനവും ബാങ്കുകളിൽ നിക്ഷേപിക്കുകയോ മാറ്റിയെടുക്കുകയോ ചെയ്തിട്ടുണ്ട്.
2016 നവംബർ എട്ടിന് നോട്ട് നിരോധനത്തിന് പിന്നാലെയാണ് 2000 രൂപ നോട്ടുകൾ റിസർവ് ബാങ്ക് അവതരിപ്പിച്ചത്. ഈ നോട്ടുകളുടെ അച്ചടി 2018-19ൽ അവസാനിപ്പിച്ചിരുന്നു. നോട്ടുകളിൽ ഏറെയും 2017 മാർച്ചിന് മുമ്പ് അച്ചടിച്ചവയാണ്.
ബാങ്ക് അക്കൗണ്ടുള്ളവർക്ക് അവരുടെ ബ്രാഞ്ചിൽ 2000 രൂപ നോട്ടുകൾ മാറുകയോ നിക്ഷേപിക്കുകയോ ചെയ്യാം. അക്കൗണ്ടില്ലാത്തവർക്കും ഐ.ഡി പ്രൂഫില്ലാതെ ഏത് ബാങ്ക് ശാഖയിലും 2000 രൂപ നോട്ടുകൾ മാറ്റിവാങ്ങാം. ഒരു വ്യക്തിക്ക് ഒരേ സമയം മാറ്റിവാങ്ങാവുന്ന പരമാവധി തുക 20,000 രൂപയാണ്. 2000 രൂപ നോട്ടുകൾ മാറ്റാനുള്ള സൗകര്യം സൗജന്യമാണ്. പ്രത്യേക ഫീസ് നൽകേണ്ടതില്ല.

## എയർഷോക്കിടെ വിമാനങ്ങൾ കൂട്ടിയിടിച്ചു; പൈലറ്റുമാർക്ക് ദാരുണാന്ത്യം



വാഷിങ്ടൺ: യു.എസിൽ വ്യോമാഭ്യാസ പ്രകടനത്തിനിടെ വിമാനങ്ങൾ കൂട്ടിയിടിച്ച് പൈലറ്റുമാർ കൊല്ലപ്പെട്ടു. നെവാഡ സംസ്ഥാനത്തെ റെനോയിൽ നടന്ന നാഷനൽ ചാംപ്യൻഷിപ്പ് എയർ റേസസിലാണു ദുരന്തമുണ്ടായത്. അപകടത്തെ തുടർന്ന് ചാംപ്യൻഷിപ്പ് നിർത്തിവച്ചു.
ഞായറാഴ്ച ഉച്ചയ്ക്ക് 2.15ഓടെയാണ് അപകടമുണ്ടായത്. ടി-6 ഗോൾഡ് റേസിന്റെ സമാപനത്തിനിടെ ലാൻഡ് ചെയ്യുമ്പോഴാണു രണ്ടു വിമാനങ്ങൾ കൂട്ടിയിടിച്ചത്. നിക്ക് മാസി, ക്രിസ് റഷിങ് എന്നിങ്ങനെ രണ്ട് വിമാനങ്ങളിലെയും പൈലറ്റുമാരാണ് അപകടത്തിൽ മരിച്ചത്. സംഭവത്തിന്റെ മറ്റ് അപകടങ്ങളോ ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല.വിദഗ്ധരായ പൈലറ്റുമാരും ടി-6 റേസിങ്ങിൽ ഗോൾഡ് ജേതാക്കളുമാണ് ഇരുവരുമെന്ന് സംഘാടകർ വാർത്താകുറിപ്പിൽ പറഞ്ഞു. ഇന്ന് റേസിങ്ങിൽ പങ്കെടുത്ത സിക്സ് ക്യാറ്റ് വിമാനത്തിന്റെ പൈലറ്റായിരുന്നു നിക്ക്. റഷിങ് ബാരൺസ് റിവഞ്ച് വിമാനത്തിലെ പൈലറ്റുമായിരുന്നു.അപകടകാരണം അന്വേഷിച്ചുവരികയാണെന്ന് ദേശീയ ഗതാഗത സുരക്ഷാ ബോർഡ്(എൻ.ടി.എസ്.ബി) വാർത്താകുറിപ്പിൽ അറിയിച്ചു. എൻ.ടി.എസ്.ബിയുടെയും ഫെഡറൽ ഏവിയേഷൻ അധികൃതരുടെയും അന്വേഷണവുമായി സഹകരിക്കുമെന്ന് ചാംപ്യൻഷിപ്പ് സംഘാടകർ വ്യക്തമാക്കി.അരനൂറ്റാണ്ടിന്റെ പഴക്കമുണ്ട് നാഷനൽ ചാംപ്യൻഷിപ്പ് എയർ റേസസിന്. ലോകത്തെങ്ങുമുള്ള വ്യോമാഭ്യാസ ആരാധകർ എല്ലാ വർഷവും ആകാംക്ഷയോടെ കാത്തിരിക്കുന്ന ചാംപ്യൻഷിപ്പുകളിലൊന്നുമാണ്. ഇതിനകം പത്തു ലക്ഷത്തിലേറെ കാഴ്ചക്കാരാണ് ചാംപ്യൻഷിപ്പ് കാണാനെത്തിയത്. 7.50 കോടി ഡോളറിന്റെ വരുമാനവുമുണ്ടാക്കിയിട്ടുണ്ട്.

വിമാനങ്ങൾ കൂട്ടയിടിച്ചുണ്ടായ അപകടം

# 61 പേരുടെ പരിശോധനാഫലം നെഗറ്റീവ്; നിപയിൽ കൂടുതൽ ആശ്വാസം

കോഴിക്കോട്: നിപ രോഗികളുമായി സമ്പർക്കം പുലർത്തിയ 61 പേരുടെ സ്രവ പരിശോധനാഫലം നെഗറ്റീവ് ആണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഹൈറിസ്ക് കോൺടാക്ടിൽ ഉണ്ടായിരുന്നവരുടെ ഫലമാണിത്. ഇതിൽ അവസാനമായി നിപ സ്ഥിരീകരിച്ച വ്യക്തിയെ പരിചയിച്ച ആരോഗ്യ പ്രവർത്തക അടക്കമുള്ളവരും ഉൾപ്പെടും. കഴിഞ്ഞ 11-ാം തീയതി മരിച്ച ഹാരിസുമായി അടുത്ത് ഇടപഴകിയ ആളുടെ സ്രവ പരിശോധന ഫലവും നെഗറ്റീവ് ആണെന്നും മന്ത്രി പറഞ്ഞു. മലപ്പുറം ജില്ലയിൽ 22 പേരാണ് നിരീക്ഷണത്തിൽ ഉണ്ടായിരുന്നത്. ഐസിയുവിൽ പ്രവേശിപ്പിച്ച ആളുമായി ബന്ധമുള്ള കൂടുതൽ പേർ ആശുപത്രിയിൽ എത്തിയിരുന്നു. 13 പേർ ഇന്നലെ എത്തിയിട്ടുണ്ട്. ഇവരുടെ സ്രവ പരിശോധനയും നടത്തുകയാണ്.

കേന്ദ്രസംഘവുമായി രാവിലെയും വിശദമായ ചർച്ചകൾ നടത്തിയിരുന്നു. നിപ പ്രതിരോധനത്തിനുള്ള കേരളത്തിന്റെ ശ്രമങ്ങളെ പ്രകീർത്തിച്ചു. കേന്ദ്രത്തിൽ നിന്നും എത്തിയ ഒരു സംഘം ഇന്ന് മടങ്ങിയേക്കുമെന്നും ആരോഗ്യ മന്ത്രി അറിയിച്ചു.

# മറ്റൊരാളുമായി ബന്ധമെന്ന് സംശയം; പട്ടാപ്പകൽ അക്ഷയ കേന്ദ്രത്തിൽ ഭാര്യയെ തീകൊളുത്തി കൊന്നു, ഭർത്താവ് ജീവനൊടുക്കി

കൊല്ലം: പാരിപ്പള്ളിയിൽ ഭാര്യയെ തീകൊളുത്തി കൊന്ന ശേഷം ഭർത്താവ് ജീവനൊടുക്കി. കർണാടക കൊടക് സ്വദേശി നാദിറയും ഭർത്താവ് റഹീമുമാണ് മരിച്ചത്. ഭാര്യയ്ക്ക് മറ്റൊരാളുമായി ബന്ധമുണ്ടെന്ന സംശയമാണ് പ്രകോപനത്തിന് കാരണമെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം.രാവിലെ ഒൻപത് മണിയോടെയാണ് സംഭവം. പാരിപ്പള്ളിയിൽ നിന്ന് പരവൂർ റോഡിലേക്ക് തിരിയുന്ന ഭാഗത്തെ അക്ഷയ കേന്ദ്രത്തിലെ ജീവനക്കാരിയാണ് നാദിറ. നിരവധി കേസുകളിലെ പ്രതിയായ റഹീം ജയിൽ ശിക്ഷ കഴിഞ്ഞ് ദിവസങ്ങൾക്ക് മുൻപാണ് പുറത്തിറങ്ങിയത്.പട്ടാപ്പകൽ അക്ഷയ കേന്ദ്രത്തിൽ ജോലിക്കെത്തിയ നാദിറയെ ഭർത്താവ് തീ കൊളുത്തി കൊല്ലുകയായിരുന്നു. നാദിറ തത്ക്ഷണം തന്നെ മരിച്ചതായാണ് റിപ്പോർട്ടുകൾ. ഇതിന് പിന്നാലെ സ്വയം കഴുത്തറുത്ത ശേഷം തൊട്ടടുത്തുള്ള കിണറ്റിൽ ചാടി റഹീം ആത്മഹത്യ ചെയ്യുകയായിരുന്നു. ഫയർഫോഴ്സ് എത്തിയാണ് റഹീമിന്റെ മൃതദേഹം പുറത്തെടുത്തത്. പാരിപ്പള്ളി പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# കർഷക ആത്മഹത്യകൾ സർക്കാരുകൾ കണ്ണ് തുറന്ന് കാണണം

രാജ്യത്ത് കർഷക ആത്മഹത്യകൾ വർധിക്കുമ്പോൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പാലിക്കുന്ന മൗനം അംഗീകരിക്കാനാകില്ല. കഴിഞ്ഞ രണ്ട് വർഷത്തിനിടെ രാജ്യത്ത് 10,897 കർഷകർ ആത്മഹത്യ ചെയ്തിരിക്കുകയാണ്. ജയ്ജവാൻ ജയ്കിസാൻ എന്ന ആപ്തവാക്യമുള്ള നാട്ടിലാണ് കടക്കെണിമൂലം കർഷക ആത്മഹത്യ നടക്കുന്നതെന്ന് ഭരണാധികാരികൾ ഓർക്കുന്നത് നന്ന്. കാർഷിക വൃത്തി മുഖ്യമേഖലയാണ് നമ്മുടെ രാജ്യത്ത്.

കർഷകർ ഉത്പാദിപ്പിക്കുന്ന വിളകൾക്ക് ന്യായ വില ലഭിക്കാത്തതാണ് കർഷക ആത്മഹത്യയുടെ അടിസ്ഥാന കാരണം. കൃഷി ഭൂമിയിൽ രാവും പകലും ഇല്ലാതെ കഷ്ടപ്പെട്ട് ഉത്പന്നം വിളയിക്കുന്ന കർഷകന് അതിന് ആനുപാതികമായ വിലകൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് കേന്ദ്ര സംസ്ഥാന-സർക്കാരുകളുടെ കടമയാണ്. ഇത് യഥാവിധി നിർവഹിക്കാത്തതിനാലാണ് കർഷക ആത്മഹത്യകൾ തുടർക്കഥയാവുന്നത്.

കർഷകരുടെ ഉൽപന്നങ്ങൾക്ക് മാർക്കറ്റിൽ ലാഭം ലഭിക്കുന്നത് ഇടനിലക്കാരായവർക്കാണ് എന്നതാണ് മറ്റൊരു ദുര്യോഗം.ഇട നിലക്കാരില്ലാതെ കർഷകർക്ക് അവരുടെ ഉത്പന്നം വിൽക്കാനായാൽ വലിയ ഒരു ചൂഷണത്തിൽ നിന്ന് രക്ഷപ്പെടാനാവും. സർക്കാർ സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ നിന്ന് നേരിട്ട് ഉൽപന്നങ്ങൾ ശേഖരിച്ച് മാർക്കറ്റിലെത്തിച്ചാൽ കർഷകർക്കും ഉപഭോക്താക്കളായ പൊതുജനങ്ങൾക്കും ഏറെ ഗുണപ്രദമാവും. കർഷകരുടെ വരുമാനം ഇരട്ടിയാകുന്ന കേന്ദ്രസർക്കാർ വാഗ്ദാനം നിലനിൽക്കേയാണ് കർഷകർ ആത്മഹത്യചെയ്യേണ്ടിവരുന്നത് എന്നതും കാണാതിരുന്നുകൂടാ. കേരളത്തിൽ കഴിഞ്ഞരണ്ടു വർഷത്തിനുള്ളിൽ 91 കർഷകരാണ് ആത്മഹത്യ ചെയ്തത്.

കർഷക ആത്മഹത്യയിൽ പകുതിയിലധികവും മഹാരാഷ്ട്രയിലാണ് നടന്നിട്ടുള്ളത്. കർണ്ണാടകയാണ് തൊട്ടടുത്ത്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സർക്കാർ ഇതരസംഘടനയായ സെന്റർഫോർ സയൻസ് ആൻഡ് എൻവയൺമെന്റിന്റെ റിപ്പോർട്ടിലാണ് കർഷക ആത്മഹത്യയുടെ ഞെട്ടിക്കുന്ന കണക്കുകളുള്ളത്. കാലാവസ്ഥ വ്യതിയാനം, ജലലഭ്യതക്കുറവ്, വിളകളിലെ രോഗബാധ എന്നിവ മൂലമുണ്ടാകുന്ന വരുമാന തകർച്ചയാണ് ആത്മഹത്യക്ക് ഹേതുവെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. കാർഷിക ഉത്പന്നങ്ങൾക്ക് ന്യായമായ തറവില നിശ്ചയിക്കാൻ സർക്കാരുകൾ തയ്യാറാകേണ്ടതുണ്ട്. കർഷകർ ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിലകിട്ടാതെ പ്രയാസപ്പെട്ട് ഉൽപന്നങ്ങൾ നശിപ്പിക്കുന്ന ചിത്രങ്ങൾ നമ്മുടെ മാധ്യമങ്ങളിൽ ഇടം പിടിക്കാറുണ്ട്.

ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക, സംഭരണത്തിൽ സർക്കാരുകളുടെ ഇടപെടൽ കാര്യക്ഷമമാക്കുക, മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റാൻ സംവിധാനമുണ്ടാക്കുക. വിളകൾക്ക് പരിപൂർണ ഇൻഷുറൻസ് ഏർപ്പെടുത്തുക, വിത്തും വളവും സബ്സിഡി നിരക്കിൽ നൽകുക, കുറഞ്ഞ പലിശയ്ക്ക് ദീർഘകാല വായ്പകൾ നൽകുക, കടക്കെണിയിൽ അകപ്പെട്ട കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുക എന്നീ കാര്യങ്ങൾ നടപ്പിലാക്കിയാൽ രാജ്യത്തെ കർഷകർക്ക് അത് വലിയ ആശ്വാസമായി മാറും.

കർഷകരെ സംരക്ഷിക്കേണ്ടത് രാജ്യത്തിന്റെ കടമയാണ്. കർഷകരുള്ളത് കൊണ്ടാണ് നമ്മളെല്ലാം നിലനിൽക്കുന്നതെന്ന തിരിച്ചറിയാനാവണം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന ഫലപ്രദമായ നടപടികളിലൂടെ ഇനിയൊരു കർഷക ആത്മഹത്യ നടക്കാതിരിക്കട്ടെ..

## പരാതി നൽകിയിട്ടും പൊലീസ് എത്താൻ വൈകി; ആരോപണവുമായി തെലങ്കാന സ്വദേശിനി

കോഴിക്കോട്: പോലീസിനെതിരെ പരാതിയുമായി കോഴിക്കോട് കുറ്റ്യാടിയിൽ അതിക്രമത്തിനെതിരായ തെലങ്കാന സ്വദേശിയായ യുവതി. അതിക്രമത്തിന് പിന്നാലെ വിവരമറിയിച്ചെങ്കിലും പൊലീസ് എത്താൻ വൈകി. എഫ്. ഐ.ആർ പകർപ്പ് ആവശ്യപ്പെട്ടിട്ടും കുറ്റ്യാടി പൊലീസ് നൽകിയില്ലെന്നും യുവതി മീഡിയവണിനോട് പറഞ്ഞു.

കേസിൽ മൂന്ന് പേരെ പൊലീസ് ചോദ്യം ചെയ്ത് വിട്ടയച്ചു.

കുറ്റ്യാടി പോലീസിനെതിരെ ഗുരുതര ആരോപണങ്ങളാണ് യുവതി ഉന്നയിക്കുന്നത്. അതിക്രമം നേരിട്ട ഞായറാഴ്ച പുലർച്ചെ തന്നെ വിവരമറിയിച്ചെങ്കിലും പോലീസെത്തിയില്ല. പിന്നീട് വൈകീട്ട് അഞ്ച് മണിക്കാണ് തെളിവ് ശേഖരിക്കാനും മൊഴിയെടുക്കാനുമായി എത്തിയത്. മാനസികമായി തകർന്ന അവസ്ഥയിൽ നിൽക്കുമ്പോഴും പോലീസിൻറെ ഭാഗത്ത് നിന്ന് നിരുത്തരവാദപരമായ സമീപനമാണുണ്ടായതെന്ന് അതിജീവിത പറയുന്നു. എഫ് ഐ ആർ കോപ്പി ആവശ്യപ്പെട്ടപ്പോൾ ഞായറാഴ്ചയായതിനാൽ നൽകാനാവില്ലെന്ന മറുപടിയാണ് യുവതിക്ക് നൽകിയത്.

ഭർതൃ മാതാവിനും കുഞ്ഞിനുമൊപ്പം താമസിക്കുന്ന യുവതിയെ മുഖം മൂടി ധരിച്ചെത്തിയയാൾ വീട്ടിലെത്തി പീഡിപ്പിക്കാൻ ശ്രമിച്ച കേസിലാണ് പോലീസിനെതിരെ ഗുരുതര ആരോപണങ്ങൾ. എന്നാൽ കേസന്വേഷണം പുരോഗമിക്കുകയാണെന്നും സംശയം തോന്നിയ മൂന്നു പേരെ ചോദ്യം ചെയ്തെന്നും പോലീസ് പറഞ്ഞു

# പൊലീസ് വാഹനം കടയിലേക്ക് ഇടിച്ചു കയറി: ഡിവൈഎസ്പി മദ്യപിച്ചിരുന്നതായി ദൃക്സാക്ഷികൾ




പത്തനംതിട്ട: പൊലീസ് വാഹനം കടയിലേക്ക് ഇടിച്ചു കയറി. കാഞ്ഞിരപ്പള്ളി ഡിവൈഎസ്പി അനിൽകുമാർ സഞ്ചരിച്ച പൊലീസ് ജീപ്പാണ് മൈലപ്രയിൽ അപകടത്തിൽപ്പെട്ടത്. ഇന്നലെ രാത്രിയോടെയാണ് സംഭവമുണ്ടായത്. ഡിവൈഎസ്പിയുടെ വാഹനം നിയന്ത്രണം വിട്ട് കടയിലേക്ക് ഇടിച്ചു കയറുകയായിരുന്നു.

ഡിവൈഡറും തകർത്തുകൊണ്ടാണ് പൂട്ടിയിട്ടിരുന്ന കടയിലേക്ക് വാഹനം ഇടിച്ചു കയറിയത്. ഷട്ടറും തകർത്ത് ഇടിച്ചു കയറിയ നിലയിലായിരുന്നു. അപകടം സംഭവിച്ചതിനു പിന്നാലെ വാഹനത്തിലുണ്ടായിരുന്നവരെ മറ്റൊരു പൊലീസ് വാഹനം എത്തി മാറ്റി.

അതിനിടെ അപകട സമയത്ത് ഡിവൈഎസ്പി മദ്യലഹരിയിലായിരുന്നു എന്ന് ദൃക്സാക്ഷികളായ നാട്ടുകാർ ആരോപിച്ചു. വാഹനം അമിതവേഗത്തിലായിരുന്നെന്നും അവർ വ്യക്തമാക്കി. എന്നാൽ നാട്ടുകാരുടെ ആരോപണം പൊലീസ് തള്ളി. ബൈക്കിന് സൈഡ് കൊടുത്തപ്പോൾ വാഹനം നിയന്ത്രണം വിട്ട് കടയിലേക്ക് ഇടിച്ചുകയറിയെന്നാണ് പൊലീസ് വ്യക്തമാക്കിയത്. മദ്യപിച്ചിരുന്നോ എന്നറിയാൻ വൈദ്യ പരിശോധനയുടെ ആവശ്യമില്ലെന്ന നിലപാടിലാണ് പൊലീസ്. കൊട്ടാരക്കര കോടതിയിൽ പോകാനായി കാഞ്ഞിരപ്പള്ളിയിൽ നിന്നും വരുമ്പോഴാണ് രാത്രി അപകടം ഉണ്ടായത്.


നിസ്സാര പരിക്കേറ്റ അനിൽകുമാർ രാത്രി തന്നെ കൊട്ടാരക്കരയ്ക്ക് പോയി.

## അടുത്തമാസം സൗദി അറേബ്യയിൽ ലോക കേരളസഭ സംഘടിപ്പിക്കാൻ നീക്കം

തിരുവനന്തപുരം: കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടെ വീണ്ടും ലോക കേരള സഭയുമായി സർക്കാർ. അടുത്ത മാസം 19 മുതൽ 22 വരെ സൗദി അറേബ്യയിൽ ലോക കേരള സഭ നടത്താനാണ് നീക്കം. മേഖല സമ്മേളനം നടത്താനായി സർക്കാർ കേന്ദ്രത്തിന് അപേക്ഷ നൽകി. സൗദി സമ്മേളനം നേരത്തെ തന്നെ തീരുമാനിച്ചതായിരുന്നുവെന്നാണ് സർക്കാർ വിശദീകരണം. ജൂണിൽ അമേരിക്കയിൽ നടന്ന ലോക കേരള സഭ സമ്മേളനം ചെറിയ തലവേദനയല്ല സർക്കാരിന് ഉണ്ടാക്കിയത്. മുഖ്യമന്ത്രി അടക്കമുള്ളവരോട് വേദി പങ്കിടാൻ സ്പോൺസർഷിപ്പ് ആവശ്യപ്പെട്ടത് അടക്കം വലിയ വിവാദമുണ്ടാക്കിയിരിന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടെ സർക്കാർ ധൂർത്ത് നടത്തുന്നുവെന്നായിരിന്നു പ്രതിപക്ഷത്തിൻറെ പ്രധാന വിമർശനം. ഇതിന് പിന്നാലെയാണ് അടുത്ത ലോക കേരള സഭയുമായി സർക്കാർ വരുന്നത്.

17 മുതൽ 22 വരെയാണ് മുഖ്യമന്ത്രിയുടേ നേതൃത്വത്തിലുള്ള സംഘത്തിൻറെ യാത്ര. ഇതിന് അനുമതി തേടി സംസ്ഥാനം കേന്ദ്ര സർക്കാറിനെ സമീപിച്ചിട്ടുണ്ട്. കേന്ദ്രം അനുകൂലമായി പ്രതികരിക്കുമെന്നാണ് സർക്കാരിൻറെ പ്രതീക്ഷ. ലോക കേരള സഭ സമ്മേളനത്തോടൊപ്പം നിക്ഷേപക സംഗമം നടത്താനും സൗദി ഭരണാധികാരികളെ കാണാനും ശ്രമിക്കുന്നുണ്ട്.

## സിസ്റ്റർ ദീപ്തി നിര്യാതയായി



അസംപ്ഷൻ സിസ്റ്റേഴ്സിന്റെ ഇന്ത്യൻ പ്രൊവിൻസ് അംഗമായ സിസ്റ്റർ ദീപ്തി(57) അന്തരിച്ചു. സംസ്കാര ശുശ്രൂഷകൾ ഇന്ന് 3.30ന് കോഴിക്കോട് രൂപതാ മെത്രാൻ വർഗീസ് ചക്കാലക്കലിന്റെ നേതൃത്വത്തിലുള്ള ദിവ്യ ബലിക്ക് ശേഷം വെള്ളിമാട്കുന്ന് ഹോളി റെഡീമർ ചർച്ച് സെമിത്തേരിയിൽ സംസ്കരിക്കും. സിസ്റ്റർ ദീപ്തി ആദിവാസികളുടെയും, നിർദ്ധനരായ സ്ത്രീകളുടെയും, കുട്ടികളുടെയും ഇടയിൽ പ്രവർത്തിച്ചിരുന്നു. ബീഹാർ, മഹാരാഷ്ട്ര, കേരളത്തിൽ പാല, കോഴിക്കോട്, തേൻപാറ, ചേമ്പറമ്പ് എന്നീ സ്ഥലങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്നു. ചാത്തൻ കോട്ടുനട സ്രാങ്കൽ പരേതനായ ദേവസ്യ അന്നമ്മ ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ ജയമ്മ, ജോസ് (ബിസിനസ്സ്),സിസ്റ്റർ ജസ്റ്റീന മേരി (ജാൻസി) സുപ്പീരിയർ പ്രസന്റേഷൻ പ്രൊവിൻഷൻ ഹൗസ് ചേവായൂർ, ജോഷി(ബിസിനസ്സ്), വിമല (അദ്ധ്യാപിക സാവിയോ ഹയർ സെക്കണ്ടറി സ്കൂൾ, ദേവഗിരി), ജിജി (സ്റ്റാഫ് സെന്റ് ജോർജ്ജ് എച്ച് എസ് എസ് കുളത്തുവയൽ), ബോബി (നഴ്സ്).

# താനൂർ ലഹരിക്കേസ് പ്രതിയ്ക്ക് ജയിലിൽ മർദനമേറ്റെന്ന് പരാതി; റിപ്പോർട്ട് നൽകാൻ ഹൈക്കോടതി നിർദ്ദേശം

കൊച്ചി: താനൂർ ലഹരിക്കേസിൽ താമിർ ജിഫ്രിക്ക് ഒപ്പമുണ്ടായിരുന്ന പ്രതി മൻസൂറിന് ജയിലിൽ മർദനമേറ്റ സംഭവത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ജയിൽ ഡി.ജി.പിക്ക് ഹൈക്കോടതി നിർദ്ദേശം.മൂന്നാഴ്ച്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റിസ് പി വി കുഞ്ഞികൃഷ്ണൻ നിർദ്ദേശം നൽകി. മൻസൂറിന്റെ പിതാവ് നൽകിയ ഹരജിയിലാണ് ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്. പ്രതികൾക്കെതിരെ എൻ.ഡി.പി.എസ് കേസ് കെട്ടിച്ചമച്ചുവെന്നും മർദനത്തിൽ പരാതി നൽകിയിട്ടും സ്വീകരിച്ചില്ലെന്നുമാണ് ഹരജിയിലെ ആരോപണം. സംഭവം പ്രത്യേക അന്വേഷണസംഘം അന്വേഷിക്കണമെന്നായിരുന്നു ഹരജിയിലെ ആവശ്യം.താമിർ ജിഫ്രിയുടെ മരണം പൊലീസിന്റെ ക്രൂരമർദനത്തെ തുടർന്നാണെന്ന ആരോപണങ്ങൾ നിലനിൽക്കുമ്പോഴാണ് താമിറിനൊപ്പം അറസ്റ്റിലായി ഇപ്പോൾ ജയിലിൽ കഴിയുന്ന മൻസൂറിനും ജയിലിൽ വെച്ച് ക്രൂര മർദനമേറ്റെന്ന ആരോപണം കൂടി ഉയരുന്നത്. മകന്റെ ശരീരത്തിൽ മുഴുവൻ പരിക്കുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് ജയിൽ സൂപ്രണ്ടിനു നൽകിയ പരാതി സ്വീകരിക്കാനോ അന്വേഷണം നടത്താനോ തയ്യാറായില്ലെന്നും ഹരജിയിൽ പറയുന്നു. കോടതി ഇക്കാര്യം അന്വേഷിക്കണമെന്നും മകനു ചികിത്സ ലഭ്യമാക്കണമെന്നും ഹരജിയിൽ ആവശ്യപ്പെട്ടു.

## ലോൺ ആപ് ഭീഷണിയെ തുടർന്ന് യുവാവ് ജീവനൊടുക്കിയ സംഭവം
# പിന്നിൽ ഉത്തരേന്ത്യ കേന്ദ്രീകരിച്ചുള്ള സംഘമെന്ന് പൊലീസ്



വയനാട്: വയനാട്ടിൽ ലോൺ ആപ്പ് ഭീഷണിയെ തുടർന്ന് യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ പൊലീസ് കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും മൊഴി രേഖപ്പെടുത്തി. മീനങ്ങാടി എസ്.എച്ച്.ഒയുടെ നേതൃത്വത്തിലുള്ള സംഘമാണ് മൊഴി രേഖപ്പെടുത്തിയത്. ഉത്തരേന്ത്യ കേന്ദ്രീകരിച്ചുള്ള സംഘമാണ് ആപ്പിന് പിന്നിലെന്ന് അന്വേഷണത്തിൽ വ്യക്തമായതായി പൊലീസ് വിശദീകരിച്ചു.വയനാട് അരിമുളയിൽ മരിച്ച അജയരാജൻ ക്യാൻഡി ക്യാഷ് എന്ന ആപ്പ് വഴിയാണ് വായ്പയെടുത്തതെന്നാണ് പൊലീസ് അന്വേഷണത്തിൽ വ്യക്തമായത്. 5,000 രൂപ വായ്പയെടുത്തതിൽ 3,747 രൂപ അജയരാജിന് ലഭിച്ചു. തിരിച്ചടവ് വൈകിയതോടെ ഭീഷണി തുടങ്ങി. അജയരാജിന്റെ ഫോൺ ഹാക്ക് ചെയ്ത് തട്ടിയെടുത്ത നമ്പരുകളിലേക്ക് കുടുംബാംഗങ്ങളുടെയടക്കം മോർഫ് ചെയ്ത ചിത്രങ്ങൾ അയച്ചു കൊടുക്കുമെന്ന് ഭീഷണിപ്പെടുത്തി. ഇതാണ് മരണത്തിലേക്ക് നയിച്ചതെന്നാണ് പൊലീസിന്റെ പ്രാഥമിക വിലയിരുത്തൽ. ഓൺലൈൻ ലോൺ ആപ്പുകൾക്കെതിരെ അന്വേഷണം ആരംഭിച്ചതായി ജില്ലാ പൊലീസ് മേധാവി പദം സിംഗ് വ്യക്തമാക്കി.

അജയരാജന്റെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും മൊഴി രേഖപ്പെടുത്തിയ പൊലീസ് വിശദ അന്വേഷണം ആരംഭിച്ചു. ലോട്ടറിക്കച്ചവടക്കാരനായിരുന്ന അജയരാജൻ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 8 ലക്ഷത്തോളം രൂപ വായ്പയെടുത്തിട്ടുണ്ടെന്നാണ് വിവരം. അജയരാജനും ഭാര്യക്കും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഇതാണ് കൂടുതൽ ബാധ്യത വരാൻ കാരണമെന്നാണ് സൂചന. ഇതിനിടയിലാണ് ഓൺലൈൻ ലോൺ ആപ്പ് കെണിയിൽ വീണതെന്ന വിവരവും പൊലീസ് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളത്.

# അയ്യന്തോളിലും കള്ളപ്പണം വെളുപ്പിച്ചു; 9 ഇടങ്ങളിൽ ഇഡി റെയ്ഡ്

തൃശൂർ: കരുവന്നൂർ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണ സംഘം തൃശൂരിലും എറണാകുളത്ത് റെയ്ഡ് നടത്തുന്നു. അയ്യന്തോൾ സർവീസ് സഹകരണ ബാങ്ക്, തൃശൂർ സർവീസ് സഹകരണ ബാങ്ക് ഉൾപ്പടെ ഒൻപത് ഇടങ്ങളിലാണ് രാവിലെ ഒൻപത് മണി മുതൽ പരിശോധന ആരംഭിച്ചത്. ഇഡി കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്ത സതീഷ് കുമാർ കള്ളപ്പണം വെളുപ്പിച്ചുവെന്ന വിവരത്തിന്റെ അടിസ്ഥലത്തിലാണ് റെയ്ഡ്. സതീഷ് കുമാർ ബന്ധുക്കളുടെ അടക്കം പേരിൽ ഈ ബാങ്കിലെടുത്ത നാല് അക്കൗണ്ടുകൾ വഴി കള്ളപ്പണം വെളിപ്പിച്ചുവെന്നാണ് കണ്ടെത്തൽ. ഈ അക്കൗണ്ടുകൾ നേരത്തെ ഇഡി മരവിപ്പിച്ചിരുന്നു. അക്കൗണ്ട് വഴി നടത്തിയ ട്രാൻസാക്ഷൻ എന്തെല്ലാമാണെന്ന് അറിയാനാണ് ഇഡി സംഘമെത്തിയത്. മുൻ എം എൽഎ എംകെ കണ്ണന്റെ നേതൃത്വത്തിലാണ് തൃശൂർ സർവീസ് സഹകരണ ബാങ്ക് പ്രവർത്തിക്കുന്നത്. ഇവിടെ മൂന്ന് കോടിയിലേറെ കള്ളപ്പണം വെളുപ്പിച്ചതായി ഇഡി കണ്ടെത്തൽ.കൊച്ചിയിൽ ദീപക് എന്നയാളുടെ വീട്ടിലാണ് ഇഡി റെയ്ഡ് നടത്തുന്നത്. കരുവന്നൂർ ബാങ്കുമായി ബന്ധപ്പെട്ട് ഇയാൾ അഞ്ചര കോടി രൂപയുടെ കള്ളപ്പണം വെളുപ്പിച്ചതായാണ് ഇഡിയുടെ കണ്ടെത്തൽ. കൊച്ചിയിലെ പ്രമുഖ ഡോക്ടറുടെ മകനായ ദീപക് റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്തുന്നയാളാണ്. ആറ് കടലാസ് കമ്പനികളുണ്ടാക്കി കള്ളപ്പണം വെളുപ്പിച്ചെന്നാണ് ഇഡിയുടെ കണ്ടെത്തൽ. സിപിഎമ്മുമായി ഏറെ അടുപ്പം പുലർത്തുന്നയാളാണ് ദീപക് എന്നാണ് റിപ്പോർട്ടുകൾ.

# 20 രൂപയ്ക്ക് എസി യാത്ര: കെഎസ്ആർടിസി ജനത സർവീസ് ഇന്നു മുതൽ

തിരുവനന്തപുരം: കുറഞ്ഞ നിരക്കിൽ യാത്രക്കാർക്ക് എസി ബസ് സൗകര്യം ഒരുക്കുന്ന കെഎസ്ആർടിസിയുടെ ലോ ഫ്ലോർ എസി ബസ് ആയ ജനത സർവീസ് ഇന്നു മുതൽ നിരത്തിൽ. രാവിലെ 7ന് കെഎസ്ആർടിസി കൊല്ലം ഡിപ്പോയിൽ മേയർ പ്രസന്ന ഏണസ്റ്റ് ഫ്ളാഗ് ഒഫ് ചെയ്യും. ജനത ബസിലെ മിനിമം ടിക്കറ്റ് നിരക്ക് 20 രൂപയാണ്.

തുടക്കത്തിൽ കൊല്ലം-തിരുവനന്തപുരം, കൊട്ടാരക്കര-തിരുവനന്തപുരം റൂട്ടുകളിലായിരിക്കും കെ എസ് ആർ ടി സി ജനത ബസുകൾ സർവീസ് നടത്തുക. പരീക്ഷണാടിസ്ഥാനത്തിൽ ആയിരിക്കും സർവീസ്. പരീക്ഷണം വിജയകരമായാൽ, സംസ്ഥാനത്ത് മറ്റിടങ്ങളിലും കെ എസ് ആർ ടി സി ജനത സർവീസ് ആരംഭിക്കും. ജില്ലയിലെ ഓഫീസുകളിൽ ജീവനക്കാർക്ക് എത്തിച്ചേരാവുന്ന വിധത്തിലാണ് സർവീസുകളുടെ സമയക്രമം.കൊല്ലം, കൊട്ടാരക്കര എന്നിവിടങ്ങളിൽനിന്ന് സെക്രട്ടേറിയറ്റ് വഴി തമ്പാനൂരിൽ എത്തുംവിധമാണ് സർവീസ് ക്രമീകരിച്ചിരിക്കുന്നത്. ദിവസേന യാത്ര ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരെ ഉൾപ്പടെ ലക്ഷ്യമിട്ടാണ് കെ എസ് ആർ ടി സി ജനത സർവീസ് ആരംഭിക്കുന്നത്. കൊല്ലം, കൊട്ടാരക്കര എന്നിവിടങ്ങളിൽനിന്ന് 7.15നാണ് ജനത സർവീസ് ആരംഭിക്കുന്നത്. ഈ രണ്ടു ബസുകളും രാവിലെ 9.30ഓടെ സെക്രട്ടേറിയറ്റിന് സമീപത്ത് എത്തും. മടക്കയാത്ര വൈകിട്ട് 4.45ന് തമ്പാനൂരിൽനിന്ന് വിമെൻസ് കോളജ്, ബേക്കറി ജങ്ഷൻ വഴി സെക്രട്ടറിയറ്റിലെ കൻറോൺമെൻറ് ഗേറ്റിന് അടുത്തെത്തും. ഇവിടെനിന്ന് അഞ്ച് മണിയോടെ കൊല്ലം, കൊട്ടാരക്കര എന്നിവിടങ്ങളിലേക്ക് പുറപ്പെടും. വൈകിട്ട് ഇരു ബസുകളും 7.15ന് കൊല്ലത്തും കൊട്ടാരക്കരയിലുമെത്തും. കെ എസ് ആർ ടി സിയുടെ ഫാസ്റ്റ് പാസഞ്ചറിന്റെ സ്റ്റോപ്പുകളെല്ലാം ജനത സർവീസിനുമുണ്ടാകുമെന്നാണ് വിവരം.സാധാരണ യാത്രക്കാർക്ക് കുറഞ്ഞ ടിക്കറ്റ് നിരക്കിൽ എസി ബസിൽ യാത്ര ചെയ്യാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സർവീസ്, ഫാസ്റ്റിനേക്കാൾ അല്പം കൂടിയ നിരക്കും സൂപ്പർ ഫാസ്റ്റിനേക്കാൾ കുറഞ്ഞ നിരക്കുമാണ് ഇടാക്കുന്നത്. കുറഞ്ഞ നിരക്ക് 20 രൂപ മാത്രം ( സൂപ്പർ ഫാസ്റ്റിന് 22 രൂപ) അധിക കിലോമീറ്ററിന് 108 പൈസ എന്ന നോൺ എസി സൂപ്പർ ഫാസ്റ്റ് നിരക്ക് തന്നെയാണ് ഈടാക്കുക.നിലവിലുള്ള ഓറഞ്ച് നിറത്തിലുള്ള ലോ ഫ്ലോർ ബസുകൾ നിറം മാറ്റിയാണ് ജനത സർവീസിന് ഉപയോഗിക്കുന്നത്. മുൻവശത്ത് ആകാശനീല നിറമാണ് നൽകിയിരിക്കുന്നത്.

# ഗണേഷ് കുമാറിന്റെ മന്ത്രിസ്ഥാനം നേരത്തെ തീരുമാനിച്ചത്; കാനം രാജേന്ദ്രൻ

തിരുവനന്തപുരം; കെ.ബി. ഗണേഷ് കുമാറിന്റെ മന്ത്രിസ്ഥാനം നേരത്തെ തീരുമാനിച്ചതാണെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. മന്ത്രിസഭ പുനഃസംഘടന കാര്യങ്ങളും നേരത്തെ തീരുമാനിച്ചതാണ്.

അനാവശ്യ വിവാദങ്ങൾക്ക് നിൽക്കാതിരിക്കലും ഭരണത്തിരിലിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇതു കൊണ്ടാവാം മുഖ്യമന്ത്രി മൗനം തുടരുന്നതെന്നും കാനം രാജേന്ദ്രൻ പറഞ്ഞു.

നേരത്തെ സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ അടക്കമുള്ളവർ വിഷയത്തിൽ പ്രതികരിച്ചതും പുനഃസംഘടന മുൻധാരണ അനുസരിച്ചു നടക്കുമെന്നായിരുന്നു. നവംബറിൽ മന്ത്രിസഭാ പുനഃസംഘടന നടക്കും. ഗണേഷ് കുമാറിനെ മന്ത്രിസഭയിൽ എടുക്കുമോ എന്ന ചോദ്യത്തിന് അതെല്ലാം നേരത്തെ തീരുമാനമെടുത്തതാണെന്നായിരുന്നു മറുപടി. എൽ.ഡി.എഫ് തീരുമാനിച്ച കാര്യങ്ങളുമായി മുന്നോട്ട് പോകുമെന്നും പുനഃസംഘടനയുമായി ബന്ധപ്പെട്ട ചർച്ചകൾ മാധ്യമങ്ങൾ സൃഷ്ടിച്ചതാണെന്നുമായിരുന്നു പ്രതികരണം.

മന്ത്രിസഭ പുനഃസംഘടന ഇതുവരെ ആലോചിച്ചിട്ടില്ലെന്നും ഇടതുപക്ഷ മുന്നണിയിൽ ആരും ഇക്കാര്യം ചർച്ച ചെയ്തിട്ടില്ലെന്നുമായിരുന്നു വിഷയത്തിൽ ഇ.പി ജയരാജൻറെ പ്രതികരണം. വാർത്ത മാധ്യമ സൃഷ്ടിയാണെന്നും സർക്കാരിനെ ദുർബലപ്പെടുത്താനുള്ള നീക്കമാണ് വാർത്തക്ക് പിന്നിലെന്നും അദ്ദേഹം പറഞ്ഞു. 2021 ലെ നിയമസഭ തെരഞ്ഞെടുപ്പിൽ മുന്നണി മന്ത്രിസഭയെ കുറിച്ച് ധാരണയുണ്ടാക്കിയിട്ടുണ്ട്. അതിനനുസരിച്ച് ഘടകകക്ഷികൾക്ക് വകുപ്പുകൾ നൽകി. എൽ.ജെ.ഡി മന്ത്രി സ്ഥാനം ഉന്നയിക്കുന്നതിൽ തെറ്റില്ല. ചിലരെ പരിഗണിക്കേണ്ടതുണ്ട്. ആലോചിക്കേണ്ട ഘട്ടം എത്തുമ്പോൾ ആലോചിച്ച് തീരുമാനം എടുക്കുമെന്നും അദ്ദേഹം പറഞ്ഞു.




## മൈജി കെയർ സെൻ്റർ ഉദ്ഘാടനം ചെയ്തു

സുൽത്താൻ ബത്തേരി: സുൽത്താൻ ബത്തേരിയിൽ പുതിയതായി ആരംഭിച്ച എക്സക്ലൂസീവ് മൈജി കെയർ ഹൈടെക് റിപ്പയർ ആൻ്റ് സർവ്വീസ് സെൻ്റർ ഉദ്ഘാടനംചെയ്തു. ഡെപ്യൂട്ടി ചെയർപേഴ്സൺ എൽസി പൗലോസാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. വ്യാപാരി വ്യവസായി യൂത്ത് വിംഗ് പ്രസിഡണ്ട് ഷംഷാദ്, മൈജി സെയിൽസ് ജന.മാനേജർ രതീഷ് കുട്ടത്ത്, മൈജി കെയർ എച്ച് ഒ ഡി മുഹമ്മദ് ഷാഫി, ബിസിനസ് ഹെഡ് രാജേഷ് നായർ, സിജോ ജെയിംസ്, രഞ്ജിത്, റാഷിൻ മണികണ്ഠൻ, റോഷിത് എന്നിവർ പങ്കെടുത്തു.

## ഉംറ: സ്ത്രീകൾ ധരിക്കേണ്ട പുതിയ വസ്ത്രം നിർദേശിച്ച് ഹജ്ജ്, ഉംറ മന്ത്രാലയം

റിയാദ്: ഉംറ ചെയ്യുമ്പോഴും മക്കയിലെ ഗ്രാൻഡ് മസ്ജിദിൽ തീർത്ഥാടനം നടത്തുകയോ ചെയ്യുമ്പോൾ മുസ്‌ലിം സ്ത്രീകൾ ധരിക്കേണ്ട ഡ്രസ് കോഡ് നിശ്ചയിച്ച് സഊദി അധികൃതർ.

ചില നിയമങ്ങൾ പാലിച്ചാൽ, ആരാധനാ ചടങ്ങുകളിൽ സ്ത്രീകൾക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കാൻ അർഹതയുണ്ടെന്ന് രാജ്യത്തിൻ്റെ ഹജ്ജ്, ഉംറ മന്ത്രാലയം അറിയിച്ചു. വസ്ത്രം അയഞ്ഞതും, ആഭരണങ്ങളില്ലാത്തതും, സ്ത്രീയുടെ ശരീരം മറയ്ക്കുന്നതുമായിരിക്കണമെന്ന് ഹജ്ജ്, ഉംറ മന്ത്രാലയം നിർദേശിച്ചു. സഊദി അറേബ്യയിൽ ഉംറ സീസൺ സജീവമാകുന്ന സാഹചര്യത്തിലാണ് നിയമങ്ങൾ മന്ത്രാലയം അറിയിച്ചത്. ഏകദേശം രണ്ട് മാസം മുമ്പ് ആരംഭിച്ച നിലവിലെ സീസണിൽ ഉംറ തീർത്ഥാടനം നടത്താൻ വിദേശത്ത് നിന്ന് ഏകദേശം 10 ദശലക്ഷം മുസ്ലീങ്ങൾ എത്തുമെന്ന് സഊദി അറേബ്യ പ്രതീക്ഷിക്കുന്നു.

വാർഷിക ഇസ്ലാമിക ഹജ്ജ് തീർത്ഥാടനം അവസാനിച്ചതിന് ശേഷമാണ് ഉംറ സീസൺ ആരംഭിച്ചത്. കോവിഡ് പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ നീക്കിയതിന് ശേഷം മൂന്ന് വർഷത്തിനിടെ ആദ്യമായി ഏകദേശം 1.8 ദശലക്ഷം മുസ്ലീങ്ങൾ ഹജ്ജിൻ്റെ ഭാഗമായി.

# അനന്ത്നാഗിലെ പോരാട്ടം ആറാം ദിവസത്തിലേക്ക് ഭീകരൻ്റെ കത്തിക്കരഞ്ഞ മൃതദേഹം കണ്ടെത്തി

ശ്രീനഗർ: ഭീകരരുമായുള്ള ഏറ്റുമുട്ടൽ ആറാം ദിവസവും തുടരുന്നതിനിടെ ജമ്മു കശ്മീരിലെ അനന്ത്നാഗിൽ നിന്ന് കത്തിക്കരിഞ്ഞ നിലയിൽ ഭീകരൻ്റെ മൃതദേഹം കണ്ടെത്തി. വസ്ത്രധാരണ രീതിയുടെ അടിസ്ഥാനത്തിലാണ് തീവ്രവാദിയാണെന്ന സുരക്ഷാ സൈന്യത്തിൻ്റെ നിഗമനം. തിങ്കളാഴ്ച രാവിലെ മുതൽ സൈന്യം ഭീകരർക്കായുള്ള തിരച്ചൽ പുനരാംരംഭിച്ചതോടെയാണ് ഭീകരൻ്റെ മൃതദേഹം കണ്ടെത്തിയത്.അതേസമയം, ഗാരോൾ വനത്തിനുള്ളിൽ ഒളിച്ചിരിക്കുന്ന മറ്റ് ഭീകരർക്കായുള്ള തിരച്ചിൽ തുടരുകയാണ്. ഞായറാഴ്ച സൈന്യവും ഭീകരരും തമ്മിൽ രൂക്ഷമായ ഏറ്റുമുട്ടൽ നടന്നിരുന്നു. കനത്ത ആയുധധാരികളായ നാല് ഭീകരരാണ് കാട്ടിൽ ഒളിച്ചിരിക്കുന്നതെന്നാണ് വിവരം. ഭീകരരെ തുരത്താനുള്ള ശ്രമത്തിനിടെ, രണ്ടു സേനാ ഉദ്യോഗസ്ഥരും ഒരു ജമ്മു കശ്മീർ പൊലീസ് ഉദ്യോഗസ്ഥനും വീരമൃത്യു വരിച്ചിരുന്നു.സൈന്യം നൂറുകണക്കിന് മോർട്ടാർ ഷെല്ലുകളും റോക്കറ്റുകളും തൊടുത്തു വിട്ടിരുന്നു. ഭീകരരുടെ ഒളിത്താവളങ്ങൾ ലക്ഷ്യമിട്ട് നൂതന ഡ്രോണുകൾ ഉപയോഗിച്ച് സ്ഫോടക വസ്തുക്കളും വീഴ്ത്തി. ഓപ്പറേഷനിൽ ഡ്രോൺ ഉപയോഗിക്കുന്നതിൻ്റെ ചിത്രം സൈന്യം പുറത്തുവിട്ടിരുന്നു.


സൈന്യം തിരച്ചിൽ നടത്തുന്നു

രഹസ്യാന്വേഷണ വിവരത്തിൻ്റെ അടിസ്ഥാനത്തിലാണ് സൈന്യവും പൊലീസും സംയുക്തമായി ഓപ്പറേഷൻ ആരംഭിച്ചത്. ഓപ്പറേഷനിടെ കേണൽ മൻപ്രീത് സിങ്, മേജർ ആശിഷ് ധോനക്, ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട് ഹുമയൂൺ ബട്ട് എന്നിവരാണ് വീരമൃത്യു വരിച്ചത്.

## 'ദരിദ്രകുടുംബത്തിൽ പിറന്നവൻ പാർലമെൻ്റിൽ എത്തിയത് ജനാധിപത്യത്തിൻ്റെ ശക്തി'; പ്രത്യേക സമ്മേളനത്തിനു തുടക്കം

ന്യൂഡൽഹി: ദരിദ്രകുടുംബത്തിൽ പിറന്നവൻ പാർലമെൻ്റിൽ എത്തിയത് ജനാധിപത്യത്തിൻ്റെ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സാധാരണക്കാർക്ക് പാർലമെൻ്റിലുള്ള വിശ്വാസം വർധിച്ചതായും മോദി പറഞ്ഞു. പാർലമെൻ്റിൻ്റെ പ്രത്യേക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.
പുതിയ മന്ദിരത്തിലേക്ക് മാറിയാലും പഴയ പാർലമെൻ്റ് മന്ദിരം തലമുറകളെ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യക്കാരുടെ അദ്ധ്വാനവും പണവും കൊണ്ടാണ് പഴയ പാർലമെൻ്റ് മന്ദിരം നിർമ്മിച്ചത്. 75വർഷത്തിനിടെ നിരവധി നിർണായക സംഭവങ്ങൾക്ക് പാർലമെൻ്റ് മന്ദിരം സാക്ഷിയായി. പഴയമന്ദിരത്തിൻ്റെ പടികൾ തൊട്ടുവന്ദിച്ചാണ് താൻ ആദ്യമായി പാർലമെൻ്റിൽ എത്തിയത്. ജനങ്ങളിൽ നിന്ന് ഇത്രയേറെ സ്നേഹം ലഭിക്കുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല. ദരിദ്രകുടുംബത്തിൽ പിറന്നവൻ പാർലമെൻ്റിൽ എത്തിയത് ജനാധിപത്യത്തിൻ്റെ ശക്തിയാണെന്നും സാധാരണക്കാർക്ക് പാർലമെൻ്റിലുള്ള വിശ്വാസം വർധിച്ചതായും മോദി പറഞ്ഞു. ജി 20 ഉച്ചകോടിയുടെ വിജയം ഒരു പാർട്ടിയുടെയോ, വ്യക്തിയുടെതോ അല്ല, രാജ്യത്തിൻ്റ 140 കോടി ജനതയുടെ വിജയമാണ്. ഇന്ത്യയുടെ സൗഹൃദത്തിന് ലോകം ആഗ്രഹിക്കുന്നു. വിശ്വമിത്രമാണ് ഇന്ത്യയെന്നും മോദി പറഞ്ഞു. വനിതാ എംപിമാർ പാർലമെൻ്റിൻ്റെ അഭിമാനമാണ്. എണ്ണത്തിൽ കുറവാണെങ്കിലും ക്രമേണെ അവരുടെ പ്രാതിനിധ്യം വർധിക്കും. വനിതാ സ്പീക്കർ ഉൾപ്പടെ സഭയെ നയിച്ചതും അഭിമാനകരമായ നേട്ടമാണെന്നും മോദി പറഞ്ഞു.

## വിവാഹ വാഗ്ദാനം നൽകി വഞ്ചിച്ചെന്ന വിവാഹിതയുടെ പരാതി നിലനിൽക്കില്ല'; ബലാത്സംഗ കേസ് ഹൈക്കോടതി റദ്ദാക്കി

റാഞ്ചി: വിവാഹ വാഗ്ദാനം നൽകി വഞ്ചിച്ചെന്ന വിവാഹിതയുടെ പരാതി നിലനിൽക്കില്ലെന്ന് ഝാർഖണ്ഡ് ഹൈക്കോടതി. പ്രത്യാഘാതങ്ങൾ ബോധ്യപ്പെട്ടുകൊണ്ടുതന്നെയാണ് പ്രായപൂർത്തിയായ വിവാഹിത മറ്റൊരാളുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെട്ടതെന്നും അതുകൊണ്ടു തന്നെ വിവാഹ വാഗ്ദാനം നൽകി വഞ്ചിച്ചെന്ന വാദം നിലനിൽക്കില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.

വിവാഹിതയുടെ പരാതിയിൽ രജിസ്റ്റർ ചെയ്ത ബലാത്സംഗ കേസ് റദ്ദാക്കിക്കൊണ്ടാണ് ഹൈക്കോടതി നടപടി.വിവാഹ വാഗ്ദാനം നൽകിയതുകൊണ്ടാണ്, യുവതി പ്രതിയുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെട്ടതെന്ന വാദം വിശ്വസനീയമല്ലെന്ന് കോടതി പറഞ്ഞു. ഭർത്താവുമായുള്ള വിവാഹ ബന്ധം നിയമപരമായി ഒഴിവാക്കാതെയായിരുന്നു യുവതി മറ്റൊരാളുമായി അടുത്തതെന്ന് കോടതി ചൂണ്ടിക്കാട്ടി.തന്നേക്കാൾ രണ്ടു വയസ്സു കുറഞ്ഞ പ്രതിയുമായി കോളജ് കാലം മുതൽ യുവതി അടുപ്പത്തിലായിരുന്നു. എന്നാൽ മറ്റൊരാളെയാണ് വിവാഹം കഴിച്ചത്. എന്നാൽ പിന്നീട് യുവതി പ്രതിയുമായി ബന്ധം തുടരുകയായിരുന്നു. പ്രത്യാഘാതങ്ങൾ അറിഞ്ഞുകൊണ്ടുതന്നെയാണ് യുവതി പ്രതിയുമായി ബന്ധം തുടർന്നത്.

അതുകൊണ്ടുതന്നെ ശാരീരിക ബന്ധത്തിനുള്ള സമ്മതം വിവാഹ വാഗ്ദാനം എന്ന കാരണം കൊണ്ടാണെന്നു കരുതാനാവില്ലെന്ന് കോടതി പറഞ്ഞു.

വിവാഹ വാഗ്ദാനം നൽകി വഞ്ചിച്ചെന്ന പരാതിയിൽ കേസെടുക്കാനുള്ള സെഷൻസ് കോടതി ഉത്തരവിനെതിരെ നൽകിയ ഹർജിയിലാണ് ഹൈക്കോടതി നടപടി. പ്രണയം നടിച്ച്, വിവാഹ വാഗ്ദാനം നൽകി ശാരീരിക ബന്ധത്തിൽ ഏപ്പെട്ടെന്നായിരുന്നു സെഷൻസ് കോടതിയുടെ കണ്ടെത്തൽ.

## ഇമ്രാൻ്റെ പാർട്ടിയുടെ 'തീം സോങ്മോഷ്ടിച്ച് തെരഞ്ഞെടുപ്പ് പ്രചാരണം; ആരോപണവുമായി കോൺഗ്രസും ബിജെപിയും

ഭോപ്പാൽ: പാകിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാൻ്റെ പാർട്ടിയുടെ പ്രചാരണ ഗാനം ഇന്ത്യയിൽ രാഷ്ട്രീയ വിവാദത്തിന് തിരികൊളുത്തുന്നു. ഇമ്രാൻ്റെ പാർട്ടിയായ തെഹ്‌രീക് ഇ ഇൻസാഫ് പാർട്ടിയുടെ പ്രചാരണ ഗാനം കോപ്പിയടിച്ചെന്ന് ബിജെപിയും കോൺഗ്രസും പരസ്പരം കുറ്റപ്പെടുത്തുന്നു.
മധ്യപ്രദേശ് നിയമസഭ തെരഞ്ഞെടുപ്പ് കണക്കിലെടുത്ത് കോൺഗ്രസ് നടത്തുന്ന ജൻ ആക്രോശ് യാത്രയുടെ ഗാനം ഇമ്രാൻ്റെ പാർട്ടിയുടെ ഗാനം കോപ്പിയടിച്ചതാണെന്നാണ് ബിജെപി ആരോപിക്കുന്നത്. ചലോ ചലോ ഇമ്രാൻ കേ സാഥ് എന്ന ഗാനമാണ്, കോപ്പിയടിച്ച് ചലോ ചലോ കോൺഗ്രസ് കേ സംഘ് ചലോ ചലോ എന്നാക്കിയതെന്ന് മധ്യപ്രദേശ് ബിജെപി യൂണിറ്റ് സെക്രട്ടറി രാഹുൽ കോത്താരി ആരോപിച്ചു.
ഇമ്രാൻ്റെ പാർട്ടിയുടെ തീം സോംഗും, കോൺഗ്രസിൻ്റെ പ്രചാരണ ഗാനവും സംസ്ഥാന ബിജെപി നേതൃത്വം എക്സിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. പാകിസ്ഥാന് അനുകൂലമായും ഹിന്ദുസ്ഥാന് എതിരായും മുദ്രാവാക്യം ഉയർത്തുന്നവരെ കോൺഗ്രസ് അംഗീകരിക്കുന്നു. ഇപ്പോൾ പാകിസ്ഥാനിലെ ഗാനവും മധ്യപ്രദേശിലെ കോൺഗ്രസ് കടംകൊണ്ടിരിക്കുന്നതായി ബിജെപി ആരോപിച്ചു. മോഷ്ടിക്കുന്നത് കോൺഗ്രസിൻ്റെ പണ്ടു മുതലേയുള്ള ശീലമാണ്. കോൺഗ്രസിൻ്റെ പതാക അടുത്തുതന്നെ പൂർണമായും പച്ചയായി മാറുമെന്നും രാഹുൽ കോത്താരി പറഞ്ഞു. ജൻ ആക്രോശ് യാത്രയുടെ പോസ്റ്ററുകളിൽ നിന്നും മുതിർന്ന നേതാവും മുൻ മുഖ്യമന്ത്രിയുമായ ദിഗ് വിജയ് സിങ്ങിനെ ഒഴിവാക്കിയെന്നും രാഹുൽ കോത്താരി കുറ്റപ്പെടുത്തി.



ബിജെപിയുടെ ആരോപണത്തിന് ശക്തമായ മറുപടിയുമായി കോൺഗ്രസ് രംഗത്തെത്തി. പാകിസ്ഥാൻ്റെ ചങ്ങാതിമാരാണ് ഇപ്പോൾ കോൺഗ്രസിൻ്റെ പ്രചാരണ ഗാനത്തിനെതിരെ രംഗത്തു വന്നിട്ടുള്ളതെന്ന് സംസ്ഥാന കോൺഗ്രസ് മീഡിയ ചെയർമാൻ കെ കെ മിശ്ര അഭിപ്രായപ്പെട്ടു. സൈനികരുടെ മരണം തെരഞ്ഞെടുപ്പ് നേട്ടത്തിനായി ഉപയോഗിക്കുന്നവരാണ്, ഗാനത്തിനെതിരെ രംഗത്തിറങ്ങുന്നതെന്നും മിശ്ര പറഞ്ഞു. ക്ഷണം ഒന്നുമില്ലാതെ പാകിസ്ഥാനിൽ പോയ കാര്യവും, കേന്ദ്രസർക്കാരിൻ്റെ സത്യപ്രതിജ്ഞാ ചടങ്ങിന് പാകിസ്ഥാൻ പ്രധാനമന്ത്രിയെ ക്ഷണിച്ചതുമെല്ലാം ബിജെപി മറന്നുപോയോ എന്നും മിശ്ര ചോദിച്ചു.
അതേസമയം, രാജസ്ഥാനിലും ഹരിയാനയിലും തെരഞ്ഞെടുപ്പ് പ്രതാരണത്തിന് ഇമ്രാൻ്റെ പാർട്ടിയുടെ തീം സോംഗാണ് മോഷ്ടിച്ചതെന്ന് മധ്യപ്രദേശ് മുൻ മുഖ്യമന്ത്രി കമൽനാഥിൻ്റെ മാധ്യമ ഉപദേഷ്ടാവ് പിയൂഷ് ബാബേലെ പറഞ്ഞു. ഒരു നാണവുമില്ലാതെ മോഷണം നടത്തുകയാണ് ബിജെപിയുടെ ശീലമെന്നും അദ്ദേഹം ആരോപിച്ചു. ഹരിയാന മുഖ്യമന്ത്രി ദുഷ്യന്ത് ചൗട്ടാലയാണ് പാക് തീം സോംഗ് ഉപയോഗിച്ചതെന്നും അദ്ദേഹം പറഞ്ഞു. സെപ്റ്റംബർ 19 മുതലാണ് കോൺഗ്രസിൻ്റെ ജൻ ആക്രോശ് യാത്ര ആരംഭിക്കുന്നത്. നവംബറിൽ മധ്യപ്രദേശ് അടക്കമുള്ള സംസ്ഥാനങ്ങളിൽ നിയമസഭ തെരഞ്ഞെടുപ്പ് നടക്കുമെന്നാണ് കരുതപ്പെടുന്നത്.

## വൻ മയക്കുമരുന്ന് കടത്ത് ശ്രമം വിഫലമാക്കി ദുബായ് കസ്റ്റംസ്

ദുബായ്: രാജ്യത്തേക്ക് വൻതോതിൽ മയക്കുമരുന്ന് കടത്താനുള്ള ശ്രമം ദുബായ് കസ്റ്റംസ് പരാജയപ്പെടുത്തി. എയർ കാർഗോ വഴിയുള്ള മയക്കുമരുന്ന് കടത്ത് നീക്കം തടഞ്ഞ് സുപ്രധാനമായ നേട്ടം കൈവരിച്ചിരിക്കുകയാണ് ദുബായ് കസ്റ്റംസിലെ ഇൻ്റലിജൻസ് വകുപ്പ്.
ഏകദേശം 6.2 മില്യൻ ദിർഹം മൂല്യമുള്ള 200,000 നിയന്ത്രിത മയക്കുമരുന്നുകളും ഗുളികകളുമാണ് പിടിച്ചെടുത്തത്. ദുബായ് കസ്റ്റംസ് ഇൻ്റലിജൻസ് വകുപ്പിലെ പ്രത്യേക അന്വേഷണ സംഘത്തിന് ഒരു ഏഷ്യൻ രാജ്യത്ത് നിന്നും എത്തിയ രണ്ടു ഷിപമെൻ്റുകളിൽ തോന്നിയ സംശയമാണ് ഈ ഓപറേഷനിലേക്ക് നയിച്ചത്.
മയക്കുമരുന്നുകളും നിയന്ത്രിത മരുന്നുകളുമടങ്ങിയ 460 കിലോ ഭാരമുള്ള 20 പാർസലുകളാണ് ആദ്യം എത്തിയത്. ഇതിന് ഏകദേശം 1 മില്യൻ ദിർഹം വില വരും. രണ്ടാമത്തെ ഷിപ്മെൻ്റിൽ 520 കിലോ ട്രമഡോൾ ഗുളികകളടങ്ങിയ 22 പാർസലുകളാണുണ്ടായിരുന്നത്. ഏകദേശം 5.25 മില്യൻ ദിർഹമാണ് ഇതിന് വിപണി വില.
കണിശമായ നടപടിക്രമങ്ങളും പ്രൊട്ടോകോളുകളും സ്വീകരിക്കുന്നതിനായി പ്രതികളെയും പിടിച്ചെടുത്ത വസ്തുക്കളും ദുബായ് പൊലീസിൻ്റെ ജനറൽ ഡയറക്ടറേറ്റ് ഓഫ് ആൻ്റി നാർകോട്ടിക്സിന് കൈമാറി.

ഇക്കാര്യത്തിൽ ദുബായ് കസ്റ്റംസ് നിർണായക നേട്ടമാണ് സ്വന്തമാക്കിയതെന്ന് ദുബായ് കസ്റ്റംസ് ഡയറക്ടർ ജനറലും പോർട്സ്-കസ്റ്റംസ്-ഫ്രീസോൺ കോർപറേഷൻ സിഇഒയുമായ ഫമദ് മഹ്ബൂബ് മുസാബിഹ് പറഞ്ഞു.

## വേനൽ ചൂട് കുറഞ്ഞു; സഊദിയിലും യുഎഇയിലും ഉച്ചവിശ്രമ നിയമം പിൻവലിച്ചു

പുറത്ത് സൂര്യ പ്രകാശത്തിന് കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കനത്ത വേനലിനെ തുടർന്ന് ഏർപ്പെടുത്തിയ നിർബന്ധിത ഉച്ച വിശ്രമ നിയമം പിൻവലിച്ച് സഊദിയും യുഎഇയു. തൊഴിലാളികൾ കടുത്ത വെയിലിൽ ജോലി ചെയ്യുന്നത് ഒഴിവാക്കാനായിരുന്നു ഇത്തരത്തിൽ ഉച്ചവിശ്രമം അനുവദിച്ചിരുന്നത്. കനത്ത വേനൽ അവസാനിക്കുകയും മേഖലയിൽ ശൈത്യകാലം ആരംഭിക്കുകയും ചെയ്തതോടെയാണ് ഉച്ചവിശ്രമ നിയമം പിൻവലിച്ചത്.ജൂൺ 15 മുതൽ സെപ്റ്റംബർ 15വരെയുള്ള മൂന്നുമാസത്തേക്കായിരുന്നു സഊദിയിലും യുഎഇയിലും ഉച്ചവിശ്രമ നിയമം ഏർപ്പെടുത്തിയിരുന്നത്.

ഉച്ചക്ക് 12 മുതൽ മൂന്നു മണിവരെ തുറസായ സ്ഥലത്ത് ജോലിചെയ്യുന്നതിനാണ് സഊദിയിൽ നിരോധനം ഏർപ്പെടുത്തിയിരുന്നത്. യുഎഇയിൽ ഉച്ചയ്ക്ക് 12.30 മുതൽ മൂന്ന് വരെയായിരുന്നു നിയന്ത്രണം.

നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്ന തരത്തിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും ഈ നിർബന്ധിത വിശ്രമം ബാധകമായിരുന്നു. കൂടാതെ ഇത്തരത്തിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് സമീപം ആരോഗ്യ പരിരക്ഷയ്ക്ക് ആവശ്യമായ പ്രാഥമിക മരുന്നുകൾ,തണുത്ത കുടിവെള്ളം,വിശ്രമിക്കാൻ തണൽ സൗകര്യങ്ങൾ നിർജലീകരണം തടയുന്നതിന് ഉപ്പ്, നാരങ്ങ എന്നിവ നൽകണമെന്നും അധികൃതർ നിർദേശിച്ചിരുന്നു.

നിയമം ലംഘിച്ച്ഉച്ചവിശ്രമ സമയത്ത് ജോലി ചെയ്യിപ്പിച്ചാൽ ഒരു തൊഴിലാളിക്ക് 5,000 ദിർഹം തോതിൽ തൊഴിലുടമയ്ക്കെതിരെ പിഴ ചുമത്തും.

കൂടുതൽ തൊഴിലാളികൾ നിയമലംഘനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പിഴ പരമാവധി 50,0000 ദിർഹമായിരിക്കും.

# സാമ്പത്തിക പ്രതിസന്ധി: തോമസ് ഐസക്‌വരുത്തിവെച്ച ദുരന്തങ്ങളാണ് ഇന്ന് മഹാദുരന്തമായി മാറിയത്– വി.ഡി സതീശൻ

തിരുവനന്തപുരം: സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിൽ തോമസ് ഐസകിൻ്റെ പ്രതികരണത്തിന് മറുപടിയുമായി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. സംസ്ഥാനത്ത് ധനപ്രതിസന്ധി ഉണ്ടാക്കിയതിൽ ഒന്നാം പ്രതി തോമസ് ഐസക് ആണെന്ന് വി.ഡി സതീശൻ ഫേസ്ബുക്ക് പോസ്റ്റിൽ പറഞ്ഞു. ഐസക്കിൻ്റെ കാലത്ത് വരുത്തിവെച്ച ദുരന്തങ്ങളാണ് ഇന്ന് മഹാദുരന്തമായി മാറിയതെന്നും സതീശൻ പറഞ്ഞു.

ഫേസ്ബുക്ക് പോസ്റ്റിൻ്റെ പൂർണരൂപം:

കേരളത്തിൻ്റെ ചരിത്രത്തിലെ ഏറ്റവും വലിയ ധനപ്രതിസന്ധിയെ കുറിച്ച് നിയമസഭയിലെ അടിയന്തരപ്രമേയ ചർച്ചയിൽ സംസാരിക്കുമ്പോൾ തന്നെ തോമസ് ഐസക് പ്രതികരണവുമായി വരുമെന്ന് എനിക്കറിയാമായിരുന്നു. അതുപോലെ തന്നെ സംഭവിച്ചു. കാരണം ഈ ധനപ്രതിസന്ധി ഉണ്ടാക്കിയതിൻ്റെ ഒന്നാം പ്രതി തോമസ് ഐസക് തന്നെയാണ്. ഐസക്കിൻ്റെ കാലഘട്ടത്തിൽ വരുത്തിവച്ച ദുരന്തങ്ങളാണ് ഇന്ന് മഹാദുരന്തമായി മാറിയത്. നിയമസഭയിൽ ധനമന്ത്രി കെ.എം ബാലഗോപാലിൻ്റെ മറുപടി വളരെ ദുർബലമായിരുന്നെന്ന തോന്നലിൽ നിന്നാകണം മുൻ ധനകാര്യ മന്ത്രി പ്രതിപക്ഷത്തിനെതിരെ ഇപ്പോൾ കള്ളപ്രചരണവുമായി വന്നിരിക്കുന്നത്. സംസ്ഥാന സർക്കാരിൻ്റെ കെടുകാര്യസ്ഥതയും ധൂർത്തും കേന്ദ്ര സർക്കാരിൻ്റെ തെറ്റായ സാമ്പത്തിക നയങ്ങളുമാണ് ധനപ്രതിസന്ധിക്ക് കാരണമെന്നാണ് പ്രതിപക്ഷം വാദിച്ചത്. നികുതി ഭരണ സംവിധാനത്തിലെ കാര്യക്ഷമതയില്ലായ്മയും ഐ.ജി.എസ്.ടി പിരിവിലെ പരാജയവും തുറന്നുകാട്ടി. പതിനഞ്ചാം ധനകാര്യ കമ്മീഷൻ്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തിൻ്റെ വിഹിതത്തിൽ കുറവ് സംഭവിച്ചതിനെ പ്രതിപക്ഷം രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. ഇതിനായി സംയുക്ത പ്രക്ഷോഭം നടത്താൻ കോൺഗ്രസ് മുന്നിൽ തന്നെയുണ്ട്.
റവന്യു ഡെഫിസിറ്റ് ഗ്രാൻ്റ് സംബന്ധിച്ച് ആറാം സമ്മേളനത്തിൽ 24-08-2022 തീയതിയിലെ ചോദ്യം നമ്പർ 499 ൽ ഐ.സി ബാലകൃഷ്ണൻ എം.എൽ.എയ്ക്ക് ധനകാര്യ മന്ത്രി നൽകിയ ഉത്തരമാണ് ഞാൻ നിയമസഭയിൽ പ്രതിപാദിച്ചത്. കേരളത്തിനാണ് ഏറ്റവും കൂടുതൽ റവന്യു ഡെഫിസിറ്റ് ഗ്രാൻ്റ് ലഭിച്ചതെന്ന് ഈ ഉത്തരത്തിൽ മന്ത്രി പറയുന്നു. 53137 കോടി രൂപ അഞ്ച് വർഷമായി വീതിച്ച് നൽകിയപ്പോൾ (15323+ 19891+ 13174+ 4749 ) കഴിഞ്ഞ വർഷം കിട്ടിയ തുകയെക്കാൾ ഈ വർഷം കുറഞ്ഞുവെന്ന വിചിത്രവും ദുർബലവുമായ വാദമാണ് മുൻ ധനമന്ത്രിയായ അങ്ങും ഇപ്പോഴത്തെ ധനമന്ത്രിയായ ബാലഗോപാലും ഉന്നയിക്കുന്നത്. ഇത് ജനങ്ങളെ കബളിപ്പിക്കലാണ്.കിഫ്ബിയുടെ പേരിലും പെൻഷൻ ഫണ്ടിൻ്റെ പേരിലും ബജറ്റിന് പുറത്തെടുത്ത തുക കടമെടുപ്പിൻ്റെ പരിധിയിൽ വരുമെന്ന് പ്രതിപക്ഷം മുന്നറിയിപ്പ് നൽകിയതാണ്. ദൗർഭാഗ്യവശാൽ അതൊന്നും പരിഗണിക്കാതെ ധനമന്ത്രിയായ അങ്ങ് മുന്നോട്ടു പോയി. പ്രതിപക്ഷം പറഞ്ഞ അതേ കാര്യങ്ങൾ തന്നെ സി ആൻ്റ് എ.ജി റിപ്പോർട്ടിലും പറഞ്ഞത് അങ്ങയുടെ ഓർമ്മയിലുണ്ടാകുമല്ലോ? സി.എ.ജി റിപ്പോർട്ട് രേഖകളിൽ നിന്ന് നീക്കാൻ സഭയിൽ പ്രമേയം കൊണ്ടുവന്ന വിദ്വാനാണ് തോമസ് ഐസക്. ധനമന്ത്രി ബാലഗോപാലിനെ ഈ അവസ്ഥയിൽ എത്തിച്ചതിന് പ്രധാന കാരണക്കാരൻ മുൻഗാമിയായ തോമസ് ഐസക്കാണ്.
ഏറ്റവും വികലമായ രീതിയിലാണ് സംസ്ഥാനത്ത് ജി.എസ്.ടി നടപ്പാക്കിയത്. നികുതി ഭരണ സംവിധാനം പുനഃസംഘടിപ്പിക്കാൻ തോമസ് ഐസക് ശ്രദ്ധിച്ചതേയില്ല. ഏറ്റവും കൂടുതൽ നികുതി വെട്ടിപ്പ് സംസ്ഥാനത്ത് നടന്നത് ഐസക്കിൻ്റെ കാലത്താണ്. അന്ന് നിയമസഭയിൽ ഇക്കാര്യം പറഞ്ഞപ്പോൾ കോമ്പൻസേഷൻ കിട്ടുമെന്ന് പറഞ്ഞ് അവഗണിക്കുകയാണ് ഐസക് ചെയ്തത്. കൂടി വന്നാൽ അഞ്ച് വർഷത്തേക്ക് മാത്രമെ കോമ്പൻസേഷൻ കിട്ടൂവെന്നും അതുകഴിഞ്ഞാൽ നികുതി വരുമാനം ഗണ്യമായി കുറയുമെന്നും അന്നേ ഞങ്ങൾ പറഞ്ഞതല്ലേ. നികുതി വെട്ടിപ്പുകാരുടെ പറുദീസയാക്കി സംസ്ഥാനത്തെ മാറ്റിയതിന് തോമസ് ഐസക്കിന് മുഖ്യ പങ്കുണ്ട്.
യു.ഡി.എഫ് പുറത്തിറക്കിയ രണ്ട് ധവളപത്രങ്ങളിലും വരാനിരിക്കുന്ന അപകടത്തെ കുറിച്ച് കൃത്യമായി പറഞ്ഞിരുന്നു. അതെല്ലാം അവഗണിച്ച് മുന്നോട്ടു പോയതിൻ്റെ ദുരന്തഫലമാണ് സംസ്ഥാനം ഇപ്പോൾ അനുഭവിക്കുന്നത്. സംസ്ഥാന സർക്കാരിനെതിരെ ആരോപണം ഉന്നയിച്ചാൽ ബി.ജെ.പിയുമായി ചേർത്ത് പറയുന്നത് സി.പി.എമ്മിൻ്റെ പതിവ് ശൈലിയാണ്. കാവി നിറമുള്ള ഫേസ്ബുക്ക് ക്യാപ്സ്യൂളിലൂടെ ഐസക്കും കൂട്ടുകാരും ആശ്വസിക്കുകയാണ്. ഉത്തരവാദിത്വത്തിൽ നിന്ന് മുൻധനമന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്കും ഇപ്പോഴത്തെ ധനമന്ത്രിക്കും പിണറായി സർക്കാരിനും ഒഴിഞ്ഞ് മാറാനാകില്ല. ധനകാര്യ വിചാരണ തുടരുക തന്നെ ചെയ്യും.




## സഊദിയിൽ ലോറി മറിഞ്ഞ് തീപിടിച്ച് മലപ്പുറം സ്വദേശിക്ക് ദാരുണാന്ത്യം

ജിദ്ദ: സഊദിയിൽ ലോറി മറിഞ്ഞ് കത്തി മലപ്പുറം സ്വദേശി മരിച്ചു. കൊണ്ടോട്ടി മുതുവല്ലൂർ നീറാട് പുതുവാക്കുന്ന് വേണു(54)വാണ് മരിച്ചത്. യാമ്പു-ജിദ്ദ ഹൈവേയിലാണ് ദാരുണമായ അപകടം നടന്നത്. വാണിജ്യ നഗരിയായ യാമ്പുവിൽനിന്ന് ജിദ്ദയിലേക്ക് സിമൻ്റ് മിക്സചറുമായി വന്ന ലോറിയാണ് അപകടത്തിൽ പെട്ടത്. ഇന്നലെ രാത്രിയാണ് അപകടമുണ്ടായത്. ജിദ്ദയിൽനിന്ന് 234 കിലോമീറ്റർ അകലെയാണ് അപകടം സംഭവിച്ചത്. അപകടത്തിൽ ലോറി പൂർണമായും കത്തി നശിച്ചു. വേണുവിൻ്റെ മൃതദേഹവും ഏറെക്കുറെ കത്തിക്കരിഞ്ഞ നിലയിലാണ്. മൃതദേഹം നാട്ടിലെത്തിച്ച് സംസ്കരിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

# സിറാജിന്റെ തീപ്പന്തിൽ ലങ്കാദഹനം

## സമ്മാനത്തുക ഗ്രൗണ്ട് സ്റ്റാഫിന്; മൈതാനവും മനസ്സും കീഴടക്കി സിറാജ്



കൊളംബോ: പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്നലെ സിറാജ് സൺഡേയായിരുന്നു. ഏഷ്യാ കപ്പിൽ കഴിഞ്ഞ തവണത്തെ ചാമ്പ്യന്മാരായ ശ്രീലങ്കയെ വെറും 50 റൺസിന് ഇന്ത്യ മലർത്തിയടിക്കുമ്പോൾ വിജയത്തിന് ചുക്കാൻ പിടിച്ചത് ആറ് വിക്കറ്റുകളുമായി സിറാജാണ്. സിറാജ് എറിഞ്ഞ നാലാം ഓവറാണ് ഇന്ത്യക്ക് ഏറെ നിർണായകമായത്. ആ ഓവറിൽ നാല് ശ്രീലങ്കൻ ബാറ്റർമാരാണ് കൂടാരം കയറിയത്.

ഏഴോവറിൽ 21 റൺസ് മാത്രം വഴങ്ങി ആറ് വിക്കറ്റാണ് മത്സരത്തിൽ സിറാജ് പിഴുതത്. ഏഷ്യാ കപ്പ് ഫൈനലുകളുടെ ചരിത്രത്തിലെ ഏറ്റവും മികച്ച രണ്ടാമത്തെ പ്രകടനമാണിത്. ഒരോവറിൽ നാല് വിക്കറ്റ് നേട്ടം കരസ്ഥമാക്കുന്ന ആദ്യ ഇന്ത്യൻ ബോളറും സിറാജ് തന്നെ.

കളിയുടെ താരമായി തെരഞ്ഞെടുക്കപ്പെട്ട സിറാജ് മത്സരശേഷം തനിക്ക് ലഭിച്ച സമ്മാനത്തുക പ്രേമദാസ സ്റ്റേഡിയത്തിലെ ഗ്രൗണ്ട് സ്റ്റാഫുകൾക്ക് സമ്മാനിച്ച് ആരാധകരുടെ മനസ്സും കീഴടക്കിയിരിക്കുകയാണിപ്പോൾ.

മാൻ ഓഫ് ദ മാച്ച് മാച്ച് പുരസ്കാരമായി തനിക്ക് ലഭിച്ച 5000 ഡോളറാണ് സിറാജ് ഗ്രൗണ്ട് സ്റ്റാഫുകൾക്ക് സമ്മാനിച്ചത്. ഗ്രൗണ്ട് സ്റ്റാഫുകൾ ഇല്ലായിരുന്നെങ്കിൽ ഈ ടൂർണമെൻറ് വിജയകരമായി നടക്കില്ലായിരുന്നു എന്നും ഈ തുക അവർക്കുള്ളതാണെന്നും സിറാജ് സമ്മാനദാനച്ചടങ്ങിനിടെ പറഞ്ഞു.

പലപ്പോഴും മഴ രസംകൊല്ലിയായെത്തിയ ടൂർണമെൻറിൽ ഗ്രൗണ്ട് സ്റ്റാഫുകളുടെ സേവനം ഏറെ പ്രശംസ പിടിച്ച് പറ്റിയിരുന്നു. അവർക്കുള്ള ആദരമായാണ് സിറാജ് സമ്മാനത്തുക കൈമാറാനുള്ള തീരുമാനം അറിയിച്ചത്. നിരവധി പേരാണിപ്പോൾ സിറാജിന് അഭിനന്ദനവുമായി രംഗത്തെത്തുന്നത്.

ഒരുപിടി റെക്കോർഡുകളാണ് ഏഷ്യാ കപ്പ് കലാശപ്പോരിൽ പിറവിയെടുത്തത്. ഇന്ത്യയുടെ ഏറ്റവും വലിയ ഏകദിന ജയമാണിത്. 263 പന്ത് ബാക്കി നിൽക്കേയാണ് ഇന്ത്യ ജയം കുറിച്ചത്. 2001ൽ 231 പന്ത് ബാക്കി നിൽക്കേ കെനിയക്കെതിരെ നേടിയ വിജയത്തിന്റെ റെക്കോർഡാണ് ഇതോടെ പഴങ്കഥയായത്. ഒപ്പം ഇന്ത്യയുടെ വിജയശിൽപ്പിയായ സിറാജും ചരിത്രപുസ്തകത്തിൽ തന്റെ പേരെഴുതിച്ചേർത്തു.

ഒരോവറിൽ നാല് വിക്കറ്റ് നേട്ടം കരസ്ഥാമാക്കുന്ന ആദ്യ ഇന്ത്യൻ ബോളറാണ് സിറാജ്. ഏഷ്യാ കപ്പ് ഫൈനലിലെ ഏറ്റവും മികച്ച രണ്ടാമത്തെ പ്രകടനം കൂടിയാണിത്.

കൊളംബോ: അഞ്ച് വർഷത്തെ കാത്തിരിപ്പിനൊടുവിൽ ഇന്ത്യയ്ക്ക് ഒരു മേജർ കിരീട നേട്ടം. ഏഷ്യാ കപ്പ് ക്രിക്കറ്റ് കിരീടം ഇന്ത്യ സ്വന്തമാക്കി. ഇന്ത്യയുടെ എട്ടാം ഏഷ്യാ കപ്പ് നേട്ടമാണിത്. ശ്രീലങ്കയെ അനായാസം വീഴ്ത്തി, പത്ത് വിക്കറ്റ് ജയം ആഘോഷിച്ചാണ് ഇന്ത്യയുടെ ഉജ്ജ്വല കിരീട നേട്ടം.

ഫൈനലിൽ 100 പോലും കടക്കാതെ ശ്രീലങ്ക തകർന്നടിഞ്ഞു. ആദ്യം ബാറ്റ് ചെയ്ത ലങ്ക വെറും 15.2 ഓവറിൽ 50 റൺസിൽ ഓൾ ഔട്ട്! ഒരു വിക്കറ്റും നഷ്ടപ്പെടുത്താതെ ഇന്ത്യ വെറും 6.1 ഓവറിൽ കുറഞ്ഞ ലക്ഷ്യം അതിവേഗം മറികടന്നു. വിക്കറ്റ് നഷ്ടമില്ലാതെ ഇന്ത്യ 51 റൺസ് സ്വന്തമാക്കിയാണ് കിരീടത്തിൽ മുത്തമിട്ടത്. വിജയ ലക്ഷ്യത്തിലേക്ക് ബാറ്റേന്തിയ ഇന്ത്യക്കായി ക്യാപ്റ്റൻ രോഹിത് ശർമ ഒപ്പണറായി എത്തിയില്ല. പകരം ഇഷാൻ കിഷനെയാണ് ശുഭ്മാൻ ഗില്ലിനൊപ്പം ആദ്യം ഇറക്കിയത്. ഇരുവരും അനായാസം ലങ്കൻ ബൗളർമരെ നേരിട്ടു വിക്കറ്റ് നഷ്ടമില്ലാതെ ടീമിനെ ജയത്തിലെത്തിക്കുകയും ചെയ്തു. ഇഷാൻ കിഷൻ 17 പന്തിൽ 23 റൺസുമായും ശുഭ്മാൻ ഗിൽ 19 പന്തിൽ 27 റൺസുമായും പുറത്താകാതെ നിന്നു. ഇഷാൻ മൂന്ന് ഫോറും ഗിൽ ആറ് ഫോറും അടിച്ചു.

നേരത്തെ ഇന്ത്യ ഏഷ്യ കപ്പ് (ടി20, ഏകദിനം) കിരീടം ഏഴ് തവണ സ്വന്തമാക്കിയിട്ടുണ്ട്. 1984, 88, 9091, 95, 2010, 16, 18 വർഷങ്ങളിലാണ് കിരീടം സ്വന്തമാക്കിയത്.

ടോസ് ചെയ്തതിനു പിന്നാലെ മഴ എത്തി. മത്സരം വൈകിയാണ് തുടങ്ങിയത്. ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ലങ്ക ഇതുപോലൊരു കൂട്ടത്തകർച്ച സ്വപ്നത്തിൽ പോലും കണ്ടിട്ടുണ്ടാകില്ല. ഏകദിനത്തിൽ അവർ നേടുന്ന രണ്ടാമത്തെ കുറഞ്ഞ സ്കോറാണിത്. 43 റൺസിനു ഓൾഔട്ടായതാണ് ഒന്നാമത്. 55 റൺസിലും അവർ ഒരു മത്സരത്തിൽ പുറത്തായി.

മുഹമ്മദ് സിറാജിന്റെ കൊടുങ്കാറ്റ് വേഗ പേസിൽ ലങ്കൻ മുൻനിര കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ കടപുഴകി വീണു. താരം ഏഴോവറിൽ ഒരു മെയ്ഡ നടക്കം 21 റൺസ് വഴങ്ങി ആറ് വിക്കറ്റുകൾ വീഴ്ത്തി. താരത്തിന്റെ ഏകദിന കരിയറിലെ ആദ്യ അഞ്ച് വിക്കറ്റിനു മുകളിലുള്ള നേട്ടം. ഏകദിനത്തിലെ സിറാജിന്റെ മികച്ച ബൗളിങ് പ്രകടനവും ഇതു തന്നെ. നാലാം ഓവറിൽ സിറാജ് നാല് വിക്കറ്റുകളാണ് വീഴ്ത്തിയത്. ഈ മാരക പ്രഹരത്തിൽ ലങ്കയുടെ വിധി ഏതാണ്ട് കുറിക്കപ്പെട്ടു. അതിത്ര ദയനീയമാകുമെന്നു ആരും പ്രതീക്ഷിച്ചില്ല.

അവസാന വിക്കറ്റുകൾ വീഴ്ത്തി ഹർദിക് പാണ്ഡ്യ ശ്രീലങ്കൻ ഇന്നിങ്സിനു തിരശ്ശീലയുമിട്ടു. താരം മൂന്ന് വിക്കറ്റുകൾ വീഴ്ത്തി. ശേഷിച്ച ഒരു വിക്കറ്റ് ജസ്പ്രിത് ബുമ്ര നേടി. കുശാൽ മെൻഡിസും ഒൻപതാമനായി ക്രീസിലെത്തിയ ദഷുൻ ഹേമന്ദയുമാണ് ലങ്കൻ സ്കോർ 50 എങ്കിലും കടത്തിയത്. മൂന്ന് താരങ്ങൾ പൂജ്യത്തിൽ മടങ്ങി. കുശാൽ മെൻഡിസ് 17 റൺസും ഹേമന്ദ 13 റൺസും കണ്ടെത്തി. ലങ്കൻ നിരയിൽ രണ്ടക്കം കടന്ന രണ്ട് ബാറ്റർമാർ ഇവരായിരുന്നു. ഹേമന്ദ പിന്തുണയ്ക്കാൻ ആളില്ലാതെ ഇന്നിങ്സ് അവസാനിക്കുമ്പോൾ ഏകനായി ക്രീസിൽ അവശേഷിച്ചു. ഒരു റൺ ചേർത്തപ്പോഴേക്കും അവർക്ക് ആദ്യ വിക്കറ്റ് നഷ്ടമായി. രണ്ട്, മൂന്ന്, നാല് വിക്കറ്റുകൾ എട്ട് റൺസിൽ വീണു. അഞ്ച്, ആറ് വിക്കറ്റുകൾ 12 റൺസിനിടെയും കടപുഴകി. 33ൽ ഏഴാം വിക്കറ്റും 40ൽ എട്ടാം വിക്കറ്റും 50റൺസിൽ ഒൻപത്, പത്ത് വിക്കറ്റുകളും വീണു.



വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന സിറാജ്



അറ്റ്ലാന്റയുടെ ആദ്യ ഗോൾ വലയിലാക്കിയ മുയുമ്പ

## നിപ നിയന്ത്രണങ്ങൾ ലംഘിച്ച് അത്ലറ്റിക്സ് സെലക്ഷൻ ട്രയൽസ്; നാട്ടുകാർ ഇടപെട്ട് തടഞ്ഞു

കോഴിക്കോട്: നിപ നിയന്ത്രണങ്ങൾ ലംഘിച്ച് കോഴിക്കോട്ട് ജില്ലാ അത്ലറ്റിക്സ് സെലക്ഷൻ ട്രയൽസ്. കിനാലൂർ ഉഷാ സ്കൂൾ ഓഫ് അത്ലറ്റിക്സ് ഗ്രൗണ്ടിൽ നടന്ന സെലക്ഷൻ ട്രയൽസ് നാട്ടുകാർ ഇടപെട്ട് തടഞ്ഞു. ജില്ലാ അത്ലറ്റിക്സ് അസോസിയേഷനാണ് ട്രയൽസ് നടത്തിയത്. ഇന്നു രാവിലെയാണ് പനങ്ങാട് പഞ്ചായത്തിലെ കിനാലൂരിലുള്ള ഉഷാ സ്കൂൾ ഗ്രൗണ്ടിൽ ട്രയൽസ് നടപടികൾ ആരംഭിച്ചത്. കൂട്ടം കൂടുന്നതിനും പൊതുപരിപാടികൾക്കും ജില്ലയിൽ നിയന്ത്രണം നിലനിൽക്കെയായിരുന്നു ഇത്. നിരവധി വിദ്യാർത്ഥികളും രക്ഷിതാക്കളും ട്രയൽസിനായി എത്തിയിരുന്നു.

ജില്ലാ അത്ലറ്റിക്സ് ചാംപ്യൻഷിപ്പ് നടത്തരുതെന്ന് നേരത്തെ കലക്ടറും മന്ത്രിമാരും നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചാംപ്യൻഷിപ്പ് മാറ്റിവച്ചു. എന്നാൽ, കഴിഞ്ഞ ദിവസമാണ് 16നു നടക്കുന്ന സെലക്ഷൻ ട്രയൽസിന് ഹാജരാകാൻ ആവശ്യപ്പെട്ട് വിദ്യാർത്ഥികൾക്കു കത്ത് ലഭിച്ചത്.ഇന്ന് ട്രയൽസ് ആരംഭിച്ചതോടെ നാട്ടുകാർ സംഘടിച്ചെത്തി തടയുകയായിരുന്നു. നാട്ടുകാർ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതരും പൊലീസും സ്ഥലത്തെത്തി. ചാംപ്യൻഷിപ്പ് നടത്താൻ വാക്കാലുള്ള അനുവാദം ലഭിച്ചിട്ടുണ്ടെന്നാണ് അത്ലറ്റിക്സ് ഭാരവാഹികൾ അധികൃതരെ അറിയിച്ചത്. എന്നാൽ, ജില്ലാ കലക്ടറെ നേരിട്ട് വിളിച്ച് അന്വേഷിച്ചപ്പോൾ ഇക്കാര്യം നിഷേധിച്ചു. തുടർന്ന് സെലക്ഷൻ ട്രയൽസ് പഞ്ചായത്ത് ഇടപെട്ട് നിർത്തിവയ്പ്പിക്കുകയായിരുന്നു.



ഇരട്ട ഗോൾ നേടിയ മിഖിതാര്യന്റെ ആവേശം

## മെസി ഇല്ലാതെ ഇറങ്ങി, ഇന്റർ മയാമിക്ക് വമ്പൻ തോൽവി

ന്യൂയോർക്ക്: അമേരിക്കൻ മേജർ ലീഗ് സോക്കർ പോരാട്ടത്തിൽ ഇന്റർ മയാമിക്ക് കനത്ത തോൽവി. എവേ പോരാട്ടത്തിൽ രണ്ടിനെതിരെ അഞ്ച് ഗോളുകൾക്ക് അവർ അറ്റ്ലാന്റ യുണൈറ്റഡിനു മുന്നിൽ വീണു.

സൂപ്പർ താരവും അർജന്റീന ഇതിഹാസവുമായ ലയണൽ മെസിയുടെ അഭാവത്തിലാണ് ടീം കളിച്ചത്. ആ ശൂന്യതയുടെ പ്രത്യക്ഷ തെളിവായി അവരുടെ വമ്പൻ തോൽവി മാറുകയും ചെയ്തു. മെസി മയാമിക്കായി കളിക്കാൻ തുടങ്ങിയ ശേഷം അവർ ലീ?ഗിൽ നേരിടുന്ന ആദ്യ തോൽവി കൂടിയാണിത്.

ഒരു ഗോൾ നേടി ലീഡെടുത്തു മികച്ച രീതിയിൽ തുടങ്ങിയ ഇന്റർ മയാമിക്ക് ആ റിഥം അവസാനം വരെ കൊണ്ടുപോകാൻ കഴിഞ്ഞില്ല. ആദ്യ പകുതി തീരാൻ ഒൻപത് മിനിറ്റുകൾ ശേഷിക്കെ അവർ കളി കൈവിട്ടു. ഒൻപത് മിനിറ്റിനിടെ അവർ മൂന്ന് ഗോളുകളാണ് വഴങ്ങിയത്. അതിൽ ഒന്ന് ഓൺ ഗോളായി മാറുകയും ചെയ്തു.

ലിയനാർഡോ കംപാനയാണ് മയാമിയുടെ രണ്ട് ഗോളുകളും നേടിയത്. അറ്റ്ലാന്റയ്ക്കായി ട്രിസ്റ്റൻ മുയുമ്പയാണ് 36ാം മിനിറ്റിൽ ഗോളടിക്ക് തുടക്കമിട്ടത്. 41ാം മിനിറ്റിൽ മയാമി താരം കമാൽ മില്ലർ അറ്റ്ലാന്റയ്ക്ക് സെൽഫ് ഗോളിലൂടെ രണ്ടാം ഗോൾ സമ്മാനിച്ചു. 44ൽ ബ്രൂക് ലെന്നൻ ടീമിന് മൂന്നാം ഗോൾ ഒരുക്കി.

രണ്ടാം പകുതിയിൽ മയാമിക്ക് അനുകൂലമായി ലഭിച്ച പെനാൽറ്റിയാണ് കംപാന വലയിലാക്കിയത്. എന്നാൽ 76ൽ ജിയോർജസ് ഗ്ലാകൗമാകിസും 89ൽ ടെയ്ലർ വോൾഫും അറ്റ്ലാന്റയുടെ ശേഷിച്ച ഗോളുകളും വലയിലിട്ടതോടെ മയാമിയുടെ പതനം പൂർണം.

## ഡയമണ്ട് ലീഗ്: കിരീടം കൈവിട്ട് നീരജ് ചോപ്ര

യൂജിൻ: ഡയമണ്ട് ലീഗിലെ ജാവലിൻ ത്രോയിൽ കിരീടം കൈവിട്ട് ഇന്ത്യൻ താരം നീരജ് ചോപ്ര. യൂജിനിൽ ഞായറാഴ്ച്ച പുലർച്ച നടന്ന ഫൈനൽ മത്സരത്തിൽ 83.80 മീറ്റർ എറിഞ്ഞ് രണ്ടാം സ്ഥാനത്തെത്താനേ ഇന്ത്യൻ താരത്തിനായുള്ളു. 84.24 മീറ്റർ പിന്നിട്ട ചെക്ക് റിപ്പബ്ലിക്കിന്റെ യാക്കൂബ് വാദ്ലെ കിരീടം സ്വന്തമാക്കി. കഴിഞ്ഞ തവണ നീരജ് ചോപ്രയായിരുന്നു ചാമ്പ്യൻ.ഡയമണ്ട് ലീഗ് സീസണിലെ മോശം പ്രകടനമാണ് ഫൈനൽ പോരാട്ടത്തിൽ നീരജിൽ നിന്നുണ്ടായത്. ദോഹയിൽ 88.67 മീറ്ററും ലോസെയ്നിൽ 87.66 മീറ്ററും എറിഞ്ഞ് ഒന്നാമനായ നീരജ് സൂറിച്ചിൽ 85.71 മീറ്റർ ദൂരം കണ്ടെത്തി രണ്ടാം സ്ഥാനത്തെത്തിയിരുന്നു. ലീഗുകളിലെ മികച്ച പ്രകടനത്തോടെയാണ് ഫൈനലിന് യോഗ്യത നേടിയത്.

ആറ് താരങ്ങൾ മത്സരിച്ച ഫൈനൽ പോരാട്ടത്തിൽ രണ്ടാമത്തെ ശ്രമത്തിലാണ് 83.30 മീറ്റർ നീരജ് പിന്നിട്ടത്. മൂന്നാമത്തെ ഏറിൽ 81.37 മീറ്ററും അഞ്ചാമത്തെ ശ്രമത്തിൽ 80.74 മീറ്ററും ആറാമത്തെ ശ്രമത്തിൽ 80.90 മീറ്ററുമാണ് നീരജിന് കണ്ടെത്താനായത്.

## സാൻ സിറോയിൽ അഞ്ചടിച്ച് ഇന്റർ മിലാൻ; നാട്ടങ്കത്തിൽ എസി മിലാനെ വീഴ്ത്തി

മിലാൻ: ഇറ്റാലിയൻ സീരി എയിലെ സീസണിലെ ആദ്യ മിലാൻ നാട്ടങ്കത്തിൽ ഇന്റർ മിലാന് സ്വന്തം തട്ടകത്തിൽ വമ്പൻ ജയം. എസി മിലാനെ ഒന്നിനെതിരെ അഞ്ച് ഗോളുകൾക്ക് അവർ തകർത്തു.

കളിയുടെ അഞ്ചാം മിനിറ്റിൽ തുടങ്ങിയ ഗോളടി അവർ ഇഞ്ചുറി ടൈമിലാണ് അവസാനിപ്പിച്ചത്.

എസി മിലാന്റെ ആശ്വാസ ഗോൾ 57ാം മിനിറ്റിലാണ് വന്നത്. ഈ ഗോളിനു ശേഷം അവർ മൂന്ന് ഗോൾ കൂടി വഴങ്ങിയാണ് എസി മിലാൻ തട്ടകമായ സാൻ സീറോയിൽ വീണത്.

ഇന്ററിനായി ഹെന്റിച് മിഖിതാര്യൻ ഇരട്ട ഗോളുകൾ നേടി. അഞ്ചാം മിനിറ്റിൽ ഗോളടിക്ക് തുടക്കമിട്ടതും മിഖിതാര്യൻ തന്നെ. 69ാം മിനിറ്റിലാണ് താരം എസി മിലാന്റെ മൂന്നാം ഗോളും തന്റെ രണ്ടാം ഗോളും താരം വലയിലാക്കിയത്. ആദ്യ ഗോളിനു ശേഷം 38ാം മിനിറ്റിലും എസി മിലാൻ ലക്ഷ്യം കണ്ടു. മാർക്കസ് തുറാമാണ് ഗോൾ നേടിയത്.

രണ്ടാം പകുതി തുടങ്ങി 57ാം മിനിറ്റിൽ റാഫേൽ ലിയാവോയിലൂടെ ഒരു ഗോൾ മടക്കി എസി മിലാൻ തിരിച്ചു വരാൻ ശ്രമിച്ചു. എന്നാൽ 69ൽ മിഖിതാര്യൻ ഗോൾ വന്ന് പത്ത് മിനിറ്റിനുള്ളിൽ എസി മിലാൻ പെനാൽറ്റി വഴങ്ങി. ഇന്ററിനായി കിക്കെടുത്തത് ഹഗൻ ചലനോഗ്ലു. പന്ത് ലക്ഷ്യത്തിൽ. അഞ്ചാം ഗോൾ ഇഞ്ചുറി ടൈമിൽ ഡേവിഡ് ഫ്രാറ്റസിയും വലയിലെത്തിച്ചു. തുടർച്ചയായി നാല് ജയവുമായി ഇന്റർ 12 പോയിന്റുമായി തലപ്പത്ത്. രണ്ടാമതുള്ള യുവന്റസിന് നാല് കളിയിൽ നിന്നു പത്ത് പോയിന്റ്.

മൂന്ന് തുടർ ജയവുമായാണ് എസി മിലാനും ഡെർബിക്ക് ഇറങ്ങിയത്. സീസണിലെ ആദ്യ തോൽവി പക്ഷേ അവർക്ക് നേരിട്ടു. ഒൻപത് പോയിന്റുമായി അവർ മൂന്നാമത്.

## ഒരു ഗോളിനു പിന്നിൽനിന്നശേഷം തിരിച്ചടി; സോസിഡാഡിനെ വീഴ്ത്തി റയൽ

സ്വന്തം തട്ടകമായ സാൻറിയാഗോ ബെർണബ്യൂവിൽ റയൽ മഡ്രിഡിൻറെ മറ്റൊരു തിരിച്ചുവരവ്. ലാ ലിഗയിൽ റയൽ സോസിഡാഡിനെതിരെ ഒരു ഗോളിനു പിന്നിൽനിന്നശേഷമായിരുന്നു റയലിൻറെ തിരിച്ചുവരവ്.ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് റയലിൻറെ ജയം. ഇതോടെ ലീഗ് പട്ടികയിൽ ബാഴ്സയെ പിന്തള്ളി ആഞ്ചലോട്ടിയും സംഘവും ഒന്നാമതെത്തി. മത്സരം തുടങ്ങി അഞ്ചാം മിനിറ്റിൽ തന്നെ ആൻഡർ ബാരെനെറ്റ്ക്സിയയിലൂടെ സോസിഡാഡ് ലീഡെടുത്തു. ബാരെനെറ്റ്ക്സിയയുടെ ആദ്യ ഷോട്ട് റയൽ കീപ്പർ കെപ അരിസാബലാഗെ തട്ടിയകറ്റിയെങ്കിലും റിബൗണ്ട് പന്ത് താരം വലയിലാക്കി. രണ്ടാം പകുതിയുടെ തുടക്കത്തിൽ തന്നെ (46ാം മിനിറ്റിൽ) ഫെഡെറികോ വാൽവെർദെയിലൂടെ റയൽ മത്സരത്തിൽ ഒപ്പമെത്തി.


ബോക്സിൻറെ എഡ്ജിൽനിന്നുള്ള താരത്തിൻറെ ഷോട്ട് പോസ്റ്റിൻറെ ഇടതുബാറിൽ തട്ടി പന്ത് വലയിലേക്ക്. 60ാം മിനിറ്റിൽ ജോസേലുവാണ് ടീമിൻറെ വിജയഗോൾ നേടിയത്. ഫ്രാൻ ഗാർസിയയുടെ ക്രോസിൽനിന്നുള്ള പന്ത് തകർപ്പൻ ഹെഡറിലൂടെ ജോസേലു വലക്കുള്ളിലാക്കി. ബുധനാഴ്ചയാണ് റയലിൻറെ സീസണിലെ ആദ്യ ചാമ്പ്യൻസ് ലീഗ് മത്സരം.യൂനിയൻ ബെർലിനെതിരെ അവരുടെ തട്ടകത്തിലാണ് മത്സരം. നിലവിൽ ലാ ലിഗയിൽ കളിച്ച അഞ്ചു മത്സരങ്ങളും ജയിച്ച റയലിന് 15 പോയൻറാണുള്ളത്.

## 100 മീറ്ററിൽ നോഹ ലൈൽസിനെ അട്ടിമറിച്ച് ക്രിസ്റ്റ്യൻ കോൾമാൻ

യൂജിൻ: ലോക ചാമ്പ്യൻ പട്ടം ദിവസങ്ങൾക്ക് മുൻപ മാത്രം സ്വന്തമാക്കിയ അമേരിക്കയുടെ നോഹ ലൈൽസിനു 100 മീറ്ററിൽ അട്ടിമറി. അമേരിക്കയുടെ തന്നെ ക്രിസ്റ്റ്യൻ കോൾമാൻ ലൈൽസിനെ രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളി ഡയമണ്ട് ലീഗ് സ്വർണം പിടിച്ചെടുത്തു. വനിതാ പോരാട്ടത്തിൽ ജമൈക്കയുടെ ഷെറിക്ക ജാക്സൻ വേഗ റാണിയായി.

ദിവസങ്ങൾക്ക് മുൻപ് ലോക അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ നോഹ ലൈൽസ് സ്വർണം നേടിയിരുന്നു. 9.83 സെക്കൻഡിലായിരുന്നു അന്ന് ലൈൽസ് കുതിച്ചത്. സമാന സമയം കുറിച്ചാണ് കോൾമാൻ ലൈൽസിനെ അട്ടിമറിച്ചത് എന്നതാണ് കൗതുകം. ലൈൽസ് 9.85 സെക്കൻഡിലാണ് ഇത്തവണ ഫിനിഷ് ചെയ്തത്. കെനിയൻ താരം ഫെർഡിനാൻഡ് ഒമന്യാലയ്ക്കാണ് വെങ്കലം. താരം 9.85 സെക്കൻഡിൽ ഫിനിഷ് ചെയ്തു. ലൈൽസുമായി നേരിയ വ്യത്യാസം മാത്രം.

2018ൽ ഇതേ ഇനത്തിൽ ഡയമണ്ട് ലീഗ് ചാമ്പ്യനാണ് കോൾമാൻ. അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് താരം വീണ്ടും സ്വർണം സ്വന്തമാക്കുന്നത്.



RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.